

ജി.യു.പി.എസ് കണിയാമ്പറ്റ
വയനാട്

# വീക്ഷണം

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26



ജി.യു.പി.എസ് കണിയാമ്പറ്റ

# ഉള്ളടക്കം


- സ്കൂൾ ചരിത്രം
- പൊതുലക്ഷ്യങ്ങൾ
- ഭാഷ
- അമ്മ വായന
- ഇംഗ്ലീഷ്
- ഉറുദു
- ഹിന്ദി
- ഗണിതം
- ശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഗോത്ര വിദ്യാഭ്യാസം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലന പരിപാടി . IEDC
- ഐ.സി.ടി
- ആരോഗ്യകായികവിദ്യാഭ്യാസം,യോഗ
- പ്രീ പ്രൈമറി വിദ്യാഭ്യാസം
- കലാപഠനം ചിത്രരചന
- ആരോഗ്യവും ശുചിത്വവും
- കുട്ടികളുടെ യാത്രാസൗകര്യം
- ഉപസംഹാരം

# സ്കൂൾ ചരിത്രം



പഴശ്ശിത്തമ്പുരാൻെറ കാലത്തിനും വളരെ മുമ്പ് തന്നെ കണിയാമ്പറ്റയിൽ സംസ്കാരസമ്പന്നമായ ഒരു ജനത അധിവസിസിച്ചിരുന്നു.കർണാടകയിൽ നിന്നും കുടിയേറിയ ഗൗഡർമാരും തമിഴ് നാട്ടിൽ നിന്നും വന്ന തമിഴ്ബ്രാഹ്മണമാരുമാണ് ഇവർ ഗൗഡന്മാർ വയനാട്ടിലെ വിശാലമായ ഭൂപ്രദേശങ്ങളിൽ തോട്ട വിളകൾ നട്ടുവളർത്തുന്നതിലാണ് ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. തമിഴ്ബ്രാഹ്മണർ ഇവിടെ ആരാധനാലയങ്ങളിൽ പൂജ നടത്തുകയും ചെയ്തു പോന്നു. കണിയാമ്പറ്റയിലും ഇവർ തോട്ടങ്ങൾ വച്ചിരുന്നു. വിശാമായ വയലേലകളിൽ വിവിധ ഇനം നെല്ലുകളും വിളയിച്ചിരുന്നു.

സാമ്പത്തികമായി മുന്നേറാൻ കഴിഞ്ഞെങ്കിലും വിദ്യാഭ്യാസ പരമായി തങ്ങളുടെ പിഞ്ചോമനകൾക്ക് യാതൊരു പുരോഗതിയും നൽകാൻ കഴിയാത്തതിൽ ഇവർ വളരെ ദു:ഖിതരായിരുന്നു.ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരം കാണാൻ കണിയാമ്പറ്റയിലെപ്രമുഖവ്യക്തികൾ ചേർന്ന് ആലോചിക്കുകയും അതിൻെറ ഫലമായി കണിയാമ്പറ്റ ടൗണിൻെറ ഹൃദയത്തിൽ ചിറ്റൂർ ഗൗഡർ ഒരേക്കർസ്ഥലം നൽകുകയും ചെയ്തു.ഈ സ്ഥലത്ത് 1892-ൽ ഒരുപുൽപ്പുര ഉണ്ടാക്കി അതിലാണ് വിദ്യാലയം ആരംഭിച്ചത്. മൂന്ന്

ആണും ഒരു പെണ്ണും മാത്രമാണ് ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥികൾ എഴുത്താശ്ശാനാണ് ഇവരെ പഠിപ്പിച്ചിരുന്നത്.

ഗണിതവും മലയാളവും സാമൂഹ്യ ശാസ്ത്രവുമെല്ലാം അദ്ദേഹം തൻെറ പഠിതാക്കൾക്ക് പകർന്നു കൊടുത്തു വിദ്യാർഥികൾ സാധനങ്ങളായിട്ടാണ് അധ്യാപകന് ഫീസ് നൽകിയിരുന്നത്.പഠനം പൂർത്തിയാകുമ്പോൾ ഓലവര(എഴുത്തോല)നടത്തിയിരുന്നു. അധ്യാപകന് വസ്ത്രങ്ങളും പണവുംഗുരുദക്ഷിണയായി നൽകിയിരുന്നു സഹപാഠികൾക്ക് സദ്യനൽകുന്ന പതിവും ഉണ്ടായിരുന്നു.

1902-ൽ ഈ വിദ്യാലയം മലബാർഡിസ്ട്രിക്റ്റ് ബോർഡിൻെറ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി.അധ്യാപകന് ബോർഡ് നേരിട്ട് ശമ്പളം നൽകാൻ തുടങ്ങി.വിദ്യാർഥികളുടെ എണ്ണവും അധ്യാപകരുടെഎണ്ണവും കൂടി.പുതിയ ഷെഡുകളും കെട്ടിടങ്ങളും ഉണ്ടായി.

അന്നത്ത അധ്യാപകരെ സ്നേഹബഹുമാനങ്ങളോടെ പൂർവ്വവിദ്യാർഥികൾ അനുസ്മരിച്ചിരുന്നു.ജീവിതത്തിൻെറ നാനാതുറകളിലും പെട്ട ആളുകൾ വിദ്യാലയത്തിലെ പൂർവ്വവിദ്യാർഥികളായിട്ടുണ്ട്. കേന്ദ്രമന്ത്രി പദവി വരെ അലങ്കരിച്ച രാഷ്ട്രീയ പ്രമുഖരും, IAS പദവി നേടിയെടുത്ത് സർവ്വീ സിൽ പ്രവേശിച്ച് സേവനം ചെയ്തവരും,അശരണരുടെയും ആലംബഹീനരുടെയും കണ്ണീരൊപ്പിയെടുക്കാൻ പ്രതിജ്ഞാബദ്ധരായ ഡോക്ടർമാരും ശാസ്ത്രജ്ഞൻമാരും വ്യവസായ പ്രമുഖരും കർഷകരും അധ്യാപകരും എല്ലാം അടങ്ങുന്ന ഒരു വലിയ നിര തന്നെ ഈ വിദ്യാലയത്തിൽ പൂർവ്വവിദ്യാർഥികളായിട്ടുണ്ട്.

വരദൂരും,പള്ളിക്കുന്നിലും,പനമരത്തും കമ്പളക്കാട്ടും പുതിയ

സ്കൂളുകൾതുടങ്ങിയതോടെ ഈ വിദ്യാലയത്തിൽ നിന്നും തദ്ദേശിയരായ വിദ്യാർഥികളുടെ എണ്ണം കുറയാൻ തുടങ്ങി ജില്ലയുടെ നാനാഭാഗങ്ങളിലും അൺ എയിഡഡ് വിദ്യാലയങ്ങൾ ആരംഭിച്ചത്തോടെ വിദ്യാലയത്തിലെ വിദ്യാർഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. ചില എയി ഡഡ് സ്കൂളുകളുടെ പരിസരത്ത് നിന്നും മറ്റചില സർക്കാർ സ്കൂളുകളെ മറികടന്നും ഇന്നും ഈ വിദ്യാലയത്തിൽ വിദ്യാർഥികൾ പഠിക്കാൻ വരുന്നു എന്ന വസ്തുത തികഞ്ഞ ചാരിതാർഥ്യത്തോടെ ഞങ്ങൾ ഓർക്കുന്നു. ഇത് ഈ സ്കൂളിൻറെ പേരിൽ ജനങ്ങൾക്കുള്ള വിശ്വാസം കൊണ്ട് മാത്രമാണെന്ന് അടിവരയിട്ടു പറയാം.ഈ വിദ്യാലയത്തിലെ അധ്യാപകരിലും അധ്യാപനത്തിലും മറ്റു കലാകായിക രംഗത്തും ഉള്ള മികവുകളിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തെ നിലനിർത്തിക്കൊണ്ട് പോകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം സ്ഥാപിതമായത് 1902 ലാണ്. 115-ാംവർഷങ്ങൾ പിന്നിട്ട ഈ വിദ്യാലയത്തിൽ ഭൗതികവുംഅ അക്കാദമികവുമായ നിരവധി സൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്.വൈത്തിരിസബ്ജില്ലയിൽ സ്വാതന്ത്ര്യത്തിന് മുൻപേ സ്ഥാപിതമായ സ്കൂളുകളിൽ ഒന്നാണിത്.

സാമൂഹികമായും സാമ്പത്തികവുമായും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നത്.സാമൂഹ്യപിന്നോക്കാവസ്ഥയിലുള്ള പണിയ സമുദായത്തിലെ കുട്ടികൾ ഇവിടെ പഠിക്കുന്നു. ഇവരെ സ്കൂളിൽ എത്തിക്കുന്നതിനും ഇവരുടെ പഠന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുമായി ഒരാധ്യാപിക ഇവിടെ

ഉണ്ട്.കോളനികൾ ഇടക്കിടെ സന്ദർശിക്കുകയും കോളനി പി.ടി .എകൾ നടത്തി വരുകയും ചെയ്യുന്നു. ഇവരുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമാക്കി പോഷകപ്രദമായ പ്രഭാതഭക്ഷണം ഇവർക്കായി നൽകുന്നു.

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മികച്ച ആരോഗ്യം പോഷകസമൃദ്ധമായ ഉച്ചഭക്ഷണത്തിലൂടെ എന്ന ലക്ഷ്യത്തോടെ ഭക്ഷണം തയ്യാറാക്കി നല്കുന്നു.വിഷരഹിതമായ പച്ചക്കറികൾ ഉപയോഗിക്കുന്നതിനായി മികച്ച ജൈവ പച്ചക്കറിത്തോട്ടം ഒരുക്കിയിട്ടുണ്ട്.കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുന്നു.കുടിവെള്ള സൗകര്യത്തിന് കിണർ,മഴവെള്ളസംഭരണി,വാട്ടർകണക്ഷൻഎന്നിവയുമുണ്ട്.പാചകം പൂർണമായും ഗ്യാസുപയോഗിച്ചാണ്.

പഠനനിലവാരത്തിൽ ഈ സ്കൂൾ ജില്ലയിലെ യു.പി സ്കൂളുകളുടെ മുൻപന്തിയിൽ തന്നെയുണ്ട്.ഓരോ ക്ലാസിലെയും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വൈകുന്നേരങ്ങളിൽ അരമണിക്കൂർ വീതം പരിഹാരബോധനം നൽകി വരുന്നു.ഇതിനായി ഓരോ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്കും കുട്ടികൾക്കും പ്രത്യേക ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ട്.

യൂണിറ്റ് ടെസ്റ്റുകൾ യഥാസമയം നടത്തി പഠനപുരോഗതി CPTA വഴിരക്ഷിതാക്കളെ അറിയിക്കുകയും ചെയ്യുന്നു.കൂടാതെ മത്സരപരീക്ഷകളായ LSS,USS,NUMATS പരീക്ഷകൾക്ക് ഇവിടുത്തെ അധ്യാപകർ പ്രത്യേക പരിശീലനം നൽകാറുണ്ട്.

പാഠ്യേതരപ്രവർത്തനങ്ങളിൽ സബ്ജില്ല,ജില്ലാമേളകളിൽ മുൻനിരയിലെത്താൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.ഗണിതം,സയൻസ്,സാമൂഹ്യശാസ്ത്രമേളകളിലൊക്കെ യു.പിതലത്തിലും എൽ.പിതലത്തിലും ഓവറോൾ ചാമ്പ്യൻഷിപ്പ് ലഭിച്ചിട്ടുണ്ട്. ജില്ലാ ശാസ്ത്ര മേളയിൽ ഗണിത വിഭാഗത്തിൽ ചാമ്പ്യൻമാരായി എന്നത് ഏറെ ശ്രദ്ധേയമായ നേട്ടം തന്നെയാണ്. കലാമേളകളിലും ഈ വിദ്യാലയം സജീവസാന്നിധ്യം ഉറപ്പ് വരുത്തുന്നു. LSS,USS,NU-Mats പരീക്ഷകളിലും മികച്ച വിജയം കരസ്ഥമാക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ സംസ്ഥാനതല സാഹിത്യോത്സവത്തിലും നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ ക്ലബുകളുടെ പ്രവർത്ത നങ്ങളും ഈ വിദ്യാലയത്തിൽ മികച്ച രീതിയിൽ നടന്നു വരുന്നു.സബ്ജില്ലയിലെ മികച്ച ക്ലബുകളായി Mathsclub,Scienceclub എന്നിവ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പരിസര ശുചിത്വ സംവിധാനങ്ങൾ Health club ൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.മാലിന്യസംസ്കരണത്തിൻെറ കാര്യത്തിൽ ഇനിയും ഏറെ ചെയ്യാനുണ്ട്.സ്ഥലപരിമിതി ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ വിഘാതമാകുന്നുണ്ട്.

വയനാട് ജില്ലയിൽ ഹൈടെക്സംവിധാനങ്ങളിലേർപ്പെടുത്തുന്ന ആദ്യത്തെ 5 യു.പി സ്കൂളുകളിൽ ഒന്നാണ് ഈ

വിദ്യാലയം.ഇതിൻെറ ഭാഗമായി 15 ലാപ് ടോപ്പുകളും 5 പ്രൊജക്ടറുകളും Kite മുഖേന ലഭിച്ചിട്ടുണ്ട്.ഇവപഠനം സുഗമമാക്കുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യകളുമായി പരിചയിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുന്നു.

വിദ്യാലയത്തോട് അനുബന്ധിച്ച് നടക്കുന്ന പ്രീ-പ്രൈമ റിയിൽ 12 കുട്ടികളും3 അധ്യാപകരും 1 ആയയുമുണ്ട്. ഇവർക്കാവശ്യമായ ക്ലാസ്മുറികളും കളിസ്ഥലവും കളിയുപകരണങ്ങളും ഒരുക്കേണ്ടതുണ്ട്. പരിമിതമായ സൗകര്യങ്ങളിലും മികച്ച പ്രവർത്തനങ്ങൾ പ്രീ-പ്രൈമ റിയിൽ നടക്കുന്നുണ്ട്.

സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന IEDC സെൻ്റർ പഞ്ചായത്തിലെ CWSN കുട്ടികൾക്ക് മികവുറ്റ സേവനം ഉറപ്പുവരുത്തുന്നു.

പ്രീ-പ്രൈമറിയിൽ 127 ഉം 1 മുതൽ 7 വരെ ക്ലാസുകളിൽ 662 കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. ഇവർക്കാവശ്യമായ കളിസ്ഥലം,ലൈബ്രറിലാബ് ഡൈനിംഗ്ഹാൾ, വേണ്ടത്ര കംപ്യൂട്ടറുകൾ,ഫർണിച്ചറുകൾ ഇങ്ങനെ അനവധി സൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്.

1 മുതൽ 4 വരെ ക്ലാസുകളിൽ 11 അധ്യാപകരും 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 16 അധ്യാപകരും ഇവരെ നയിക്കുന്നതിനായി ഒരു ഹെഡ്മിസ്ട്രസും ഇവിടെ ജോലി ചെയ്യുന്നു.ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഒരു ഓഫീസ് അറ്റൻഡറും ജോലി ചെയ്യുന്നു.

വൈത്തിരിസബ് ജില്ലയിൽ സ്വാതന്ത്ര്യത്തിന് മുൻപേ

# പൊതുലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർഥികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്നു റപ്പാക്കുക.
- വിവിധ ഭാഷകളിൽ പ്രായത്തിനനുയോജ്യമായ വിധത്തിൽ മികച്ച നിലയിൽ  ആശയവിനിമയം നടത്താൻ ഓരോ കുട്ടി യെയും പ്രാപ്തരാക്കുക.
- കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുകയും സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുകയും ചെയ്യുക.
- ഭാഷാശേഷി വികസനത്തിന്  ആധുനിസാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനും മികച്ച രീതിയിൽ ആശയാവിഷ്ക്കാരം നടത്താനുമുള്ള പ്രാപ്തിനേടുക .
- ഹിന്ദി പഠനത്തിനും ആശയവിനിമയത്തിനും സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച സാധ്യതകൾ ഉറപ്പു വരുത്തുക.
- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രാഭിമുഖ്യം വളർത്തുക.
- ശാസ്ത്രലാബ്, ലൈബ്രറി ഇവയ്ക്കാവശ്യമായ ഭൗതിക സാഹ ചര്യങ്ങൾ ഉറപ്പുവരുത്തുക .
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക സാങ്കേതിക

വിദ്യകളിലൂടെ കുട്ടികളിലേയ്ക്ക് എത്തിക്കുക.

- ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുകയും സാമൂഹ്യ ജീവിതമൂല്യങ്ങൾ സമൂഹത്തിനുതകും വിധം നടപ്പാക്കാനും. വിദ്യാർഥികളെ പ്രാപ്തരാക്കുക.
- അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തുക.
- ഗണിതം ജീവിതഗന്ധിയാക്കുക.
- ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഓരോ ഘട്ടത്തിലും ആർജിക്കേണ്ട ഗണിതശേഷികൾ ഉറപ്പുവരുത്തുക.
- ഗണിതലാബിന് ആവശ്യമായ ഭൗതിക സാഹചര്യവും പഠനോപകരണങ്ങളും ലഭ്യമാക്കുക.
- ഗണിതസൗന്ദര്യം ആസ്വദിക്കാനവസരമൊരുക്കുക.
- എല്ലാകുട്ടികൾക്കും കായികക്ഷമത കൈവരിക്കുന്നതിന്കളിസ്ഥല സൗകര്യം ലഭ്യമാക്കുക.
- കാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക .
- പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ സഞ്ചാരത്തിനുപയുക്തമായ ക്യാമ്പസ്.
- ശുചിത്വപൂർണവും ആരോഗ്യപരവും ഹരിതാഭവുമായ വിദ്യാലയകാമ്പസ്.
- നൂതനമായ പരിശീലന പരിപാടികൾ അധ്യാപകർക്ക് ലഭ്യമാക്കൽ.

**ലക്ഷ്യങ്ങൾ**

- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- വിദ്യാലയത്തെ മികവിൻെറ കേന്ദ്രങ്ങളാക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്ക രിക്കുക.
- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി അവരി ലെ പ്രതിഭ വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാ ക്കി സ്കൂൾ ഒരു പ്രതിഭാ കേന്ദ്രമാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകപരിഗ ണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- ഭൗതികസാഹചര്യങ്ങൾ പരമാവധിവർദ്ധിപ്പിക്കുകയും ക്യാ മ്പസിനെ ഒരുപാഠപുസ്തകമായി മാറ്റുകയും ചെയ്യുക.
- നിലവിലുള്ള പ്രീസ്കൂളിനെ മികവിൻെറ കേന്ദ്രമാക്കുക .
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കു ക എന്ന ലക്ഷ്യത്തോടെ ജൈവകൃഷി വിദ്യാല യത്തിൽ നി ന്നും വീട്ടുകളിലേക്ക് വ്യാപിപ്പിക്കുക.
- കുട്ടികളുടെ ശാരീരിക, മാനസിക ആരോഗ്യത്തിനായി ആരോഗ്യസംരക്ഷണ- കൗൺസിലിങ്ങ് ക്ലാസുകൾ ലഭ്യ മാക്കുക.
- എല്ലാക്ലാസ് മുറികളും ഹൈടെക് ആക്കുക.



# ഭാഷ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി താഴെ പറയുന്ന മേഖലകളിൽ ഊന്നൽ നൽകി,പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് വിദ്യാലയങ്ങളുടെ സർവതോന്മുഖമായ വികാസത്തിന് അനിവാര്യമാണ്.മുഴുവൻ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുന്നതിനും വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനുമുള്ള അവസരം ഇതിലൂടെ സാധ്യമാകുന്നു.

**മേഖലകൾ**




- ക്ലാസ് ലൈബ്രറി
- വായനാ കാർഡ്
- ക്വിസ്
- ലേഖന മത്സരങ്ങൾ
- കവിതാലാപനം
- സ്കൂൾലൈബ്രറി
- അമ്മവായന
- വിവിധ ഭാഷ അസംബ്ലി
- കുട്ടികളുടെ റേഡിയോ
- സർഗ്ഗച്ചുവർ
- ഇംഗ്ലീഷ് സ്കിറ്റുകൾ
- തിയേറ്റർ ക്യാമ്പുകൾ
- communication English
- spell and win games

- Talent lab
- രചനശിൽപ്പശാലകൾകുട്ടികളുടെ രംഗവേദികൾ
- **<u>ഉദ്ദേശ്യങ്ങൾ</u>-** കുട്ടികളിൽ സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യുന്നതിനും വായനാശീലം പരിപോഷിപ്പിക്കുന്നതിനും രചനാപരമായ കഴിവുകൾ വളർത്തുന്നതിനും.

**<u>ഉപമേഖല</u>-** ക്ലാസ് ലൈബ്രറി

**ആമുഖം-** ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളെ സ്വതന്ത്രവായനക്കാരായി മാറ്റുകയും വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ക്ലാസ് ലൈബ്രറിയുടെ മുഖ്യലക്ഷ്യം.

**ലക്ഷ്യങ്ങൾ** എല്ലാകുട്ടികളേയും സ്വതന്ത്രവായനക്കാരായി മാറ്റുക,വായനാനുഭവങ്ങൾ വിവിധരീതിയിൽ പങ്കിടുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക,ക്ലാസ് ലൈബ്രറി യാഥാർഥ്യമാക്കുക, രചനപരമായ കഴിവു വളർത്തുക പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക.

**<u>പ്രവർത്തനങ്ങൾ</u> -**

- നിലവിലുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്ത് വായനകുറിപ്പ് തയാറാക്കി ബാലസഭയിൽ അവതരിപ്പിക്കുന്നു.
- അസംബ്ലിയിൽ പ്രധാനപ്പെട്ട വാർത്തകൾ തയാറാക്കി പത്രവായന നടത്തുന്നു.
- CPTA ൽ മികച്ച വായനാക്കുറിപ്പ് അവതരിപ്പിക്കുന്നതോടൊപ്പം അധ്യാപകൻഒരുപുസ്തകപരിചയവും നടത്തുന്നു

- അമ്മമാർക്ക്പുസ്തകങ്ങൾ വിതരണം ചെയ്യുകയും CPTA-ൽ വായനാകുറിപ്പ് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക യും ചെയ്യുന്നു.
- ദിനാചരണവുമായി ബന്ധപ്പെട്ട് സാഹിത്യകാരൻ മാരുമാ യി അഭിമുഖം.
- ICT- സാധ്യത പ്രയോജനപ്പെടുത്തി E-വായന പ്രോത്സാ ഹിപ്പിക്കുന്നു.
- ആനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നോ ത്തരി സംഘടിപ്പിക്കുന്നു .

**നിർവഹണച്ചുമതല**

ക്ലാസ്അധ്യാപകൻ, ലൈബ്രേറിയൻ, വിദ്യാരംഗം കൺവീ നർ,CPTA.

**കാലയളവ്-**ഒരു വർഷത്തേക്ക്

**ധനകാര്യവിശകലനം**

ക്ലാസ് ലൈബ്രറി-2 ലക്ഷം

ഫർണിച്ചർ-50000

ഇൻറെർ നെറ്റ്- LAP TOP, PROJECTOR-100000

ആകെ- 350000 രൂപ.

**മോണിറ്ററിംഗ്**

പ്രധാനധ്യാപകൻ PTA,MPTA, SRG കൺവീനർ.

**ഉദ്ദേശ്യലക്ഷ്യങ്ങൾ-**ഭാഷാപരമായ പിന്നോക്കാവസ്ഥ പരി ഹരിക്കുന്നതിനും,UPPERPRIMARY വിദ്യാഭ്യാസംപൂർത്തിയാ

കുമ്പോഴേക്കും ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുക.

**ഉപമേഖല**- വായനാ കാർഡ്

**ആമുഖം** മലയാളഭാഷയിൽ തിളക്കം നഷ്ടപ്പെട്ടവർക്ക് അത് ആർജിക്കുന്നതിനും തെറ്റ് കൂടാതെ വായിക്കുന്നതിനും എഴുതുന്നതിനും.

**ലക്ഷ്യങ്ങൾ**-അനായാസമായി ഭാഷ കൈകാര്യം ചെയ്യുന്നതിനും കൃത്യതയോടെ ഭാഷ കൈകാര്യം ചെയ്യുന്നതിനും.

**പ്രവർത്തനങ്ങൾ** -

- വിവിധ വസ്തുക്കൾ ഉപയോഗിച്ചുള്ള അക്ഷര നിർമാണ പ്രദർശനം.
- പദക്കാർഡുകൾ നിർമ്മിക്കുക.
- പദങ്ങൾ ഉപയോഗിച്ച് വാക്യനിർമ്മാണം.
- ചിഹ്നങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി ICT സാധ്യത പ്രയോജനപ്പെടുത്തി ലഘുകഥകൾ പ്രദർശിപ്പിച്ച് വായനയ്ക്കും എഴുത്തിനും ഉള്ള അവസരങ്ങൾ നൽകുന്നു.
- ചിത്രം കാണിച്ച് (ICT)അടിക്കുറിപ്പ് തയാറാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കൽ.
- ചിത്രത്തിൽ നിന്നും കഥപറയാനും, കഥഎഴുതാനുമുള്ള അവസരം ഒരുക്കുന്നു.
- കഥയുടെ കുറച്ചുഭാഗം നൽകി ഭാവനാ പൂർണമായി

ബാക്കി ഭാഗം എഴുതൽ.

- കഥാപുസ്തകം നൽകി ബാലസഭയിൽ കഥ അവതരിപ്പിക്കാനുള്ള അവസരം നൽകൽ.
- ICT സാധ്യത പ്രയോജനപ്പെടുത്തി ചിത്രങ്ങൾ പ്രദരശിപ്പിക്കുകയും വാക്യങ്ങൾ എഴുതാനുള്ള സന്ദർഭങ്ങൾ ഒരുക്കുന്നു.

**നിർവ്വഹണ ചുമതല-**

ക്ലാസ്അധ്യാപകൻPTA,MPTA അംഗങ്ങൾ,Special Teachers

**ധനകാര്യവിശകലനം**

- പഠനസാമഗ്രികൾചാർട്ട്
- കാർഡ് ബോർഡ് crayons മാർക്കർ മുത്തുകൾ-10000

**കാലയളവ്-**

- ഒരു വർഷം

**മോണിറ്ററിംഗ്**

- SSA, DIET, വിദ്യാഭ്യാസവകുപ്പ്, പ്രധാനാധ്യാപകൻ.

**ഉപമേഖല ക്വിസ്**

**ആമുഖം-** പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിനും,സമകാലീന സംഭവങ്ങളെ ബോധവാൻമാരാക്കുന്നതിനും

**ലക്ഷ്യങ്ങൾ-**മത്സരപരിക്ഷകളിൽ ഉന്നതവിജയം നേടുന്നതിനും,നല്ലൊരു ഭാവിജീവിതംഎത്തിപ്പിടിക്കുന്നതിന വേണ്ടിയും, ഭാവിജീവിതം ഭാസുരം ആക്കുന്നതിനും വേണ്ടിയും.

**പ്രവർത്തനങ്ങൾ**

- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നോത്തരി.
- പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ പ്രശ്നോത്തരി സംഘടിപ്പിക്കുന്നു.
- ബാലസഭയിൽ കുട്ടികൾക്കായി ക്വിസ് നടത്തുക.
- കുട്ടികളിൽ നിന്നും ശേഖരിച്ച ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് പുസ്തകം തയ്യാറാക്കുന്നു.
- ആഴ്ചതോറും നോട്ടീസ് ബോർഡിൽ ചോദ്യങ്ങൾ പ്രദർശിപ്പിക്കുകയും ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കാനുള്ള അവസരം, വിജയികൾക്ക് സമ്മാനം നൽകൽ.
- CPTA യിൽ രക്ഷിതാക്കൾക്കായി ആനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്വിസ് നടത്തുന്നു.
- വർഷത്തിലൊരിക്കൽ മെഗാക്വിസ് സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം.

**നിർവ്വഹണച്ചുമതല** ക്ലാസ്അധ്യാപകൻ, SRG കൺവിനർ.

**ധനകാര്യ വിശകലനം**

പുസ്തകങ്ങൾ പത്രങ്ങൾ ആനുകാലിക-25000

പ്രസിദ്ധീകരണങ്ങൾ

**കാലയളവ്-** ഒരു വർഷം

**മോണിറ്ററിംഗ്-** SSA,DIET വിദ്യാഭ്യാസഅധികൃതർ.

**ഉപമേഖല-**ലേഖന മത്സരങ്ങൾ

**ആമുഖം-** ആത്മവിശ്വസത്തോടെയും സർഗാത്മകതയോടെയും ഭാഷകൈകാര്യം ചെയ്യുന്നതിനും കൃത്യമായി ആശയങ്ങൾ എഴുതി ഫലിപ്പിക്കുന്നതിനും വേണ്ടി .

**ലക്ഷ്യങ്ങൾ-** ഭാഷയിലെ സർവോതോൻമുഖമായ വികാസ

ത്തിന്.

**പ്രവർത്തനങ്ങൾ**

- ദിനാചരണവുമായി ബന്ധപ്പെട്ട് വിവിധ ലേഖന മത്സരങ്ങൾ (കഥ,കവിത,ഉപന്യാസം ....)
- വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ രചന പ്രവർത്തനങ്ങൾ (നാടകരചന, ആസ്വാദനകുറിപ്പ്,വായ്ത്താരിനിർമ്മാണം)
- വിവിധ രചനാപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി പതിപ്പുകൾ രൂപികരിക്കുന്നു.
- ഒരുവർഷത്തെ രചന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൈയെഴുത്ത് മാസിക തയ്യാറാക്കുന്നു.
- മാഗസിൻ പ്രകാശനം ചെയ്യൽ.
- ഒരു വിഷയത്തിന്റെ അടിസ്ഥാനത്തിൽ രക്ഷിതാകൾക്കായി ഉപന്യാസമത്സരം നടത്തുന്നു.

**നിർവ്വഹണച്ചുമതല-**

അധ്യാപകർ, CPTA, PTA, MPTA അംഗങ്ങൾ

**ധനകാര്യവിശകലനം**

പുസ്തകങ്ങൾ സമ്മാനം-25000

**കാലയളവ്-**ഒരു വർഷം

**മോണിറ്ററിംഗ്-**പഞ്ചായത്ത് അധികൃതർ SSA,DIET

**ഉപമേഖല-**കവിതാലാപനം.

**ആമുഖം-**കവികളെയും കവിതകളെയും പരിചയപ്പെടുന്നതിനും,കുട്ടികളിൽ സർഗവാസന ഉണർത്തുന്നതിനും.

**ലക്ഷ്യങ്ങൾ-** കവിതകൾ ആസ്വദിക്കുന്നതിനും ഈണം പക

ർന്ന് താളബോധത്തോടെ ചൊല്ലി അവതരിപ്പിക്കുന്നതിനും.

കവിതകളിലെ ആശയം കണ്ടെത്തുന്നതിനും.

**പ്രവർത്തനങ്ങൾ**

- കവിതകൾ നൽകി ഈണം കണ്ടെത്താനുള്ള അവസരം.
- ICT-സാധ്യത പ്രയോജനപ്പെടുത്തി കവിതകൾ കേൾപ്പിക്കുന്നതിന്.
- സ്വന്തമായി കവിത രചിക്കുകയും ഈണം പകരാനുമുള്ള അവസരം.
- കവിതാലാപന മത്സരങ്ങൾ സംഘടിപ്പിക്കൽ.
- കവിതകളുമായുള്ള അഭിമുഖം,കവിയരങ്ങ്എന്നിവ സംഘടിപ്പിക്കൽ.
- CPTA-ൽരക്ഷിതാക്കൾക്ക് കവിത നൽകി ഈണം കണ്ടെത്താനുള്ള അവസരം.

**നിർവ്വഹണ ചുമതല**

ക്ലാസ് അധ്യാപകൻ SRG,PTA,MPTA അംഗങ്ങൾ.

**ധനകാര്യ വിശകലനം**

കവിതാ പുസ്തകങ്ങൾ സമ്മാനം, CD തുടങ്ങിയവ-25000

കാലയളവ്-ഒരു വർഷം

**മോണിറ്ററിംഗ്**-പ്രധാനാധ്യാപകൻ,SSA,DIET

**ഉപമേഖല** സ്കൂൾ ലൈബ്രറി.

- വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതരത്തിൽ ലൈബ്രറി വിപുലമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് റഫറൻസ് ഗ്രന്ഥശാലയായി ഉപയോഗിക്കാവുന്നതരത്തിൽ ലൈബ്രറി നവീകരണം.

- എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരായി മാറ്റുക.
- രചനപരമായ കഴിവ് വളർത്തുക.
- വ്യത്യസ്ത തലങ്ങളിലൂടെ, വായന നടത്താനുള്ള സൗകര്യമൊരുക്കൽ.
- ഭിന്ന ശേഷിക്കാരെ വായനാനുഭവങ്ങളിലേക്ക് എത്തിക്കൽ.

**<u>പ്രവർത്തനങ്ങൾ-</u>**

- പുതുവർഷം പുസ്തക വർഷപ്പരിപാടി സംഘടിപ്പിക്കൽ.
- ജൻമദിന പുസ്തകം ജൻമദിനത്തിൽ സ്കൂളിലേക്ക്പുസ്തകം നൽകൽ.
- അസംബ്ലിയിൽ വായനാക്കുറിപ്പ് അവതരിപ്പിക്കൽ.
- കുട്ടികളുടെ വായനക്കുറിപ്പ് BLOG-ൽ പ്രസിദ്ധികരിക്കൽ.
- പുസ്തക ചർച്ച സംഘടിപ്പിക്കൽ.
- സാഹിത്യക്യാമ്പ് സംഘടിപ്പിക്കൽ.
- രംഗാവിഷ്കരണം സംഘടിപ്പിക്കൽ.
- നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനംതിരിച്ച് തരംതിരിക്കുന്നു. വിവിധ വിഷയങ്ങളിൽ നൽകിയ ലിസ്റ്റനുസരിച്ച് ലഭ്യമായ ഫണ്ടുപയോഗിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം മൊരുക്കൽ.

***<u>നിർവ്വഹണച്ചുമതല-</u>***

ഹെഡ്മിസ്ട്രസ്, ലൈബ്രേറിയൻ, SRG, PTA, MPTA SSG,SSA, DIET.

**<u>ധനകാര്യവിശകലനം</u>**

ലൈബ്രറികെട്ടിടം - 25 ലക്ഷം

പുസ്തകങ്ങൾ  -5 ലക്ഷം

ഫർണിച്ചർ -5  ലക്ഷം

ഇൻറെർ നെറ്റ് /LAPTOP  -150000 രൂപ

ആകെ  -  3650000 രൂപ.

***മോണിറ്ററിംഗ്***

*പ്രധാനാധ്യാപകൻ, PTA, MPTA, SRG, SSG.*

# അമ്മ വായന



**ആമുഖം-**

കുട്ടികളിലെ വായനാഭിരുചിയെ പ്രോൽസാഹിപ്പിക്കുന്നതി നായി രക്ഷകർത്താക്കളുടെ പങ്കാളിത്തത്തോടെ നടത്തുന്നതിന് ഈ സംരംഭം നല്ലതാണ്.

**ലക്ഷ്യങ്ങൾ**

- സാമൂഹ്യബന്ധം ഉറപ്പിക്കുക.
- വായനയിൽ താൽപര്യം വളർത്തുക.
- സർഗാത്മക ശേഷിവളർത്തുക.
- സർഗാത്മക രചനയിൽ ഏർപ്പെടുക.

**പ്രവർത്തനങ്ങൾ**

- SRG-ൽ ചർച്ച നടത്തുന്നു.

- വായനയിൽ താൽപര്യമുള്ള കുട്ടികളെയും അവരുടെ രക്ഷിതാ ക്കളെയും കണ്ടെത്തുന്നു.

- പുസ്തകം നൽകുന്നു.

- വിവിധവ്യവഹാരരൂപങ്ങളിലൂടെ കുട്ടിയും അമ്മയും കഴിവ്തെളി ളിയിക്കുന്നു.Team അധ്യാപകർ വില യിരുത്തുന്നു.വേണ്ട നിർ ദ്ദേശം നൽകി മെച്ചപ്പെടുത്തുന്നു.

- ഓരോ മാസവും ഈ പ്രക്രിയ ആവർത്തിക്കുക.

നിർവ്വഹണച്ചുമതല

PTA, HM, SRG,Subject Teachers, Librarian.

**ധനകാര്യ വിശകലനം**

PTA, HM, Librarian.

6000/-രൂപ

കാലയളവ്- 8 മാസം

**മോണിറ്ററിംഗ്-** വിഷയവിദഗ്ധർ മോണിറ്റർ ചെയ്യുന്നു.

പ്രോജക്ടിൻെറ അവസാനം തെരഞ്ഞെടുത്ത ലൈബ്രറിബു ക്കുകൾ (ഒരേ തരത്തിലുള്ള ബുക്കുകൾ) നൽകുന്നു.വായിച്ച് വ്യവ ഹാരരൂപം ഏതെങ്കിലും (ആസ്വാദനം,കഥ,നിരൂപണം,പുസ്തക

നിരൂപണം ) മത്സരാടിസ്ഥാനത്തിൽ നടത്തുന്നു. തുടർന്ന് അമ്മയ്ക്കും,കുട്ടിയ്ക്കും വെവ്വേറേ സമ്മാനങ്ങൾ നൽകുന്നു.തുടർന്ന് പ്രശസ്തരായ സാഹിത്യകാരൻമാരെ ക്ഷണിച്ച് പുസ്തകചർച്ച നടത്തുന്നു. ഈ പൊതുചടങ്ങിൽ അമ്മവായനയിൽ പങ്കാളികളായവരെ മുഴുവൻ പങ്കെടുപ്പിക്കുന്നു.മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.അമ്മവായന വിലയിരുത്തി സംസാരിക്കാൻ അമ്മയ്ക്കും,കുട്ടിയ്ക്കും അവസരം നൽകുന്നു.



# ഇംഗ്ലീഷ്




മേഖല - ഇംഗ്ലീഷ് ഭാഷ

ഉദ്ദേശ്യങ്ങൾ-

കുട്ടികളിൽ സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യുന്നതിനും,വായനാശീലം പരിപോഷിപ്പിക്കുന്നതിനും.

ഉപമേഖല അസംബ്ലി

പ്രവർത്തനങ്ങൾ-

- അധ്യായന വർഷത്തിൻെറ ആരംഭം മുതൽ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി.
- അസംബ്ലിയിൽ പത്രവാർത്ത, പ്രതിജ്ഞ, പ്രാർത്ഥന, പ്രഭാഷണം എല്ലാം ഇംഗ്ലീഷിൽ ഓരോ ക്ലാസുകാരും മാറി മാറി അവതരിപ്പിക്കുന്നു.

കാലയളവ്- ഒരു വർഷം

നിർവ്വഹണ ചുമതല-ക്ലാസ് അധ്യാപകൻ

മോണിറ്ററിംഗ്- HM, PTA, SRG

ഉപമേഖല- ഫിലിം ഷോ

പ്രവർത്തനങ്ങൾ

* എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ ഇംഗ്ലീഷ് കഥകൾ,കുട്ടികളുടെ Cinema, Rhymes, short film എന്നിവ പ്രദർശിപ്പിക്കുന്നു.

നിർവ്വഹണ ചുമതല- English Teacher

കാലയളവ് - ഒരു വർഷം

മോണിറ്ററിംഗ്- HM, PTA

ഉപമേഖല- Language games

പ്രവർത്തനങ്ങൾ-

ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ താത്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി മാസംതോറും Language games, puzzles, Riddles എന്നിവ അവതരിപ്പിക്കുന്നു.

കാലയളവ് - ഒരു വർഷം

നിർവ്വഹണ ചുമതല- English Teacher



# ഉറുദു

<u>ലക്ഷ്യങ്ങൾ</u>



- ഉറുദുഭാഷ പഠനത്തിൽ കുട്ടികളെ അതിൻെറപൂർണ്ണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന ഉറുദുഭാഷ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ആർജിക്കുക.
- ഉറുദുഭാഷ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഉറുദു ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- ലോകഭാഷകളിൽ മുന്നിട്ട് നിൽക്കുന്ന പ്രധാന ഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് നേടുന്നതിനുള്ള സാഹചര്യം ക്ലാസ്റൂമിൽ ഒരുക്കുക.
- ഉറുദു ഭാഷയിൽ വായനാശീലം വളർത്തുക,ഉറുദുഭാഷ ഭാഷ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ളശേഷി വികസിപ്പിക്കുക.

- ഉറുദുഭാഷ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജന

പ്പെടുത്താനുള്ള കഴിവും ശേഷിയും നേടുക.

- ഉറുദു ഭാഷാ പഠനശേഷി വികസിപ്പിക്കുക.ഭാഷ പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
- ഭാഷപഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുന്നുള്ള സഹായം നൽകുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഉറുദുഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവങ്ങളും വളർത്തുക.
- ശരിയായ മൂല്യങ്ങളുംമനോഭാവങ്ങളും വളർത്തുന്നതിന് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.
- ക്ലാസിൽ കലകൾ ആസ്വദിക്കാനും അവതരിപ്പിക്കാനും ശേഷി നേടുക.
- ലോകഭാഷ എന്ന നിലയിൽ ഉറുദുഭാഷാപഠനത്തിൽ താൽപ്പര്യം വളർത്തുക.

| പ്രവർത്തനങ്ങൾ | വിശദാംശം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| വായന | തിരഞ്ഞെടുത്ത ലളിതമായ 101 പുസ്തക ഉറുദു ലൈബ്രറി 30 ഉറുദു കഥാബുക്ക്,20 ഉറുദു കൊച്ചു പദ്യബുക്ക് 30 ലേഖന (വിവരണ) ബുക്ക്-1 ഉറുദുക്വിസ് ബുക്ക്-1 | 5,6,7 | മുഴുവൻ കുട്ടികൾക്കും ലഘു വാക്യങ്ങൾ വായിക്കാൻ സാധിക്കണം |
| എഴുത്ത് | ക്ലാസ് മാസിക നിർമ്മാണം, ചുമർപത്രിക നിർമ്മാണം വായനാ കാർ ഡ് നിർമ്മാണം | 5,6,7 | മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി A4 ൽ വൃത്തിയിൽഎഴുതി (ചിത്രം)കളർ നൽകി, ലാമിനേഷൻ ചെയ്ത് വായനാ കാർ ഡ് നിർമ്മിക്കുക. |

| | | | |
|---|---|---|---|
| ആസ്വാദനം | മുൻകൂടി പ്ലാൻ ചെയ്യണം ഒരിക്കൽപാടിയ/ പറഞ്ഞ കുട്ടികളെ അടുത്ത സഭയിൽ ആസ്വാദകരാക്കണം (എന്നുംഒരാൾപാടരുത്) LCD ഉപയോഗിച്ച് മികച്ച 10 കഥകളും /പാട്ടുകലും/ഹ്രസ്വ ഫിലിം തമാശകളുടെ വീഡിയോ കേൾപ്പിക്കുക.<br>• ആലിബാബയുടെ കഥ.<br>• മുല്ലനസ്റുദ്ദീൻ കഥ.<br>• ഗുണപാഠംകഥകൾ. | 5,6,7 | പാടനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസര സൃഷ്ടിക്കാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭചേരുക. |
| മത്സരങ്ങൾ | 1. ക്വിസ്.<br>2. പദ നിർമ്മാണം.<br>3. പദപ്രശ്നം.<br>4. കളറിംഗ്.<br>5. മെമ്മറി ടെസ്റ്റ്.<br>6. ഗദ്യവായന.<br>7. കഥ പറയൽ.<br>8. വിവിധ പസിൽസ്. | 5,6,7 | സ്കൂളിൽ പ്രതിഭകൾക്ക് മാത്രം വിജയംപോര എല്ലാരും വിജയിഎന്ന തിലേക്ക് സ്കൂളിൽവ്യത്യസ്തകാറ്റഗറിയി |

| | | | |
|---|---|---|---|
| | 9. പദപ്പയറ്റ്. | | ൽ മത്സരംനടത്തു ക. |
| ദിനാച രണങ്ങ ൾ | ഉദാഹരണം-ഹിരോഷിമ ദിനം ഓഗസ്റ്റ്-6 ഭാഗം മാത്രം ഉറുദുവിൽ എഴുതിലോക സമാധനവുമായി ബന്ധപ്പെട്ട ഒരു ചിത്രം മാത്രം തിരഞ്ഞെടുത്ത് 20 ദിനാചരണത്തിൽ മാറിമാറി കുട്ടികൾ പോസ്റ്റർ നിർമ്മിക്കാൻ അധ്യാപകൻ മുൻകുട്ടി പ്ലാൻ ചെയ്യുക. | 5,6,7 | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങ ളിൽകുട്ടികൾ ചാർട്ട്പേപ്പറി ൽ അധ്യാപൻെറ സഹാത്തോടെ പോസ്റ്റർ നിർമ്മാണം. |
| ഉറുദു ഫെസ്റ്റ് | • ഉദ്ഘാടനം,<br>• ആദരിക്കൽ-ഇത് വരെ സ്കൂളിൽ നടത്തിയ ഉറുദു മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ് മികച്ച ഉറുദു കലാ/അവതരണം ഫിലിം പ്രദർശനം. | 5,6,7 | ഉറുദു ദിനത്തിലോ അല്ലാത്തതോഒ രു മുഴവൻ സമയം /ഹാഫ്ഡേ ഉറുദു ഫെസ്റ്റ് നടത്തുക. |
| ഉറുദു | അഞ്ചാംക്ലാസിൽ | 5,6,7 | ഉറുദു |

| | | | |
|---|---|---|---|
| ഭാഷയിൽഐ.ടി യുടെ സാധ്യത | ഉറുദുടൈപ്പിംഗ് പരിചയപ്പെടുത്തുകആറ്,ഏഴ് ക്ലാസു കളിൽ വായനാകാർഡ്,പോസ്റ്റർ തുടങ്ങിയവ നിർമ്മിക്കുക. | | ടൈപ്പിംഗ്, ഉറുദുവിൽ ഡിജിറ്റൽ ബാനർ തയ്യാറാക്കൽ |

# ഹിന്ദി

**<u>മേഖല</u>- ഭാഷാപഠനം**

**<u>ഉപമേഖല</u>-ഹിന്ദി ഭാഷപഠനം**




**<u>ലക്ഷ്യങ്ങൾ</u>**

- എല്ലാകുട്ടികൾക്കുംഹിന്ദി രസകരമായും,ആസ്വാദ കരമായും,ഫലപ്രദമായും,എഴുതുവാനും,വായിക്കാനുംസംസാരിക്കാനുമുള്ള കഴിവ് വളർത്തുക.
- ഹിന്ദിഭാഷപഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾആസൂത്രണം ചെയ്തുനടപ്പാക്കുക.
- ഹിന്ദിഭാഷപഠനത്തിലൂടെ കുട്ടികളുടെ സംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഹിന്ദിഭാഷ ധാരാളം കേൾക്കാനും ഹിന്ദി മാതൃഭാഷയായ വ്യക്തികളുമായി സംവാദിക്കാനുള്ള അവസരം സൃഷ്ടിച്ച് ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുക.
- വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുന്നു.

| **പ്രവർത്തനങ്ങൾ** | **വിശദാംശങ്ങൾ** | **കാലയളവ്** | **ചുമതല-സാമ്പത്തികം - മോണിറ്ററിംഗ്** |
|---|---|---|---|
| തിരിച്ചറിയൽ കാർഡ് (Hand made) | 5to7 ക്ലാസുകളിലെ എല്ലാകുട്ടികൾക്കും പേര്, | ണ്് ജു -2025-26 | ഹിജന്ദജ അധ്യാപകൻ -സംഭാവന |

| | | | |
|---|---|---|---|
| | ക്ലാസ്, ഡിവിഷൻ, സ്കൂൾ വിലാസം ഉൾപ്പെടുത്തിയ കാർഡ് ഹിന്ദിയിൽ. | | പ്രധാനാദ്ധ്യാപകൻ |
| ആഴ്ചയിലെ വാക്ക് | എല്ലാ ആഴ്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു. | ണ് ജു -2025-26 ഹിജന്ദജ | അധ്യാപകൻ ഹിന്ദിക്ലബ്ബ്, HM |
| ഹിന്ദിലൈബ്രറി | ക്ലാസ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. | 1-വർഷം | ഹിന്ദി അധ്യാപകൻ ഹിന്ദിക്ലബ്ബ്, -5000/- HM |
| ICT ഉപയോഗം | ICT സഹായത്തോടെ പാഠഭാഗങ്ങൾ ലളിത | 1-വർഷം | ഹിന്ദി അധ്യാപകൻ HM |


| | | | |
|---|---|---|---|
| | മാക്കുന്നു. | | |
| ഹിന്ദി അസംബ്ലി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലിനടത്തുന്നു വാർത്തകൾ, മഹത് വചനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു. | 1-വർഷം | ഹിന്ദി അധ്യാപകൻ HM |
| ഹിന്ദി ബാലസഭ | മാസത്തിൽ ഒരു സർഗമേള പരേഡിൽ ഹിന്ദി ബാലസഭ | 1-വർഷം | ഹിന്ദി അധ്യാപകൻ ഹിന്ദിക്ലബ്ബ് |
| ഹിന്ദി സാഹിത്യോത്സവം | ഹിന്ദി ... വുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി ഹിന്ദി | സെപ്റ്റംബർ | ഹിന്ദി അധ്യാപകൻ HM,PTA, അധ്യാപകർ |

വയാരയായ്ഘലയാഷൈ ത് 2025-26

| | | | |
|---|---|---|---|
| | കലോത്സവം നടത്തുന്നു. | | |
| ആശംസാകാർഡ് | ജൻമദിനം, മറ്റാഘോഷങ്ങൾ, വിശേഷ ദിവസങ്ങൾ എന്നിവയുടെ ആശംസാ കാർഡ് തയ്യാറാക്കുന്നു. | ദിനാചരണങ്ങൾ വിശേഷ ദിവസങ്ങൾ | സബ്ജക്ട് കൗൺസിൽ |
| പ്രശ്നോത്തിരി | | എല്ലാ ആഴ്ചയും | ഹിന്ദി ക്ലബ്ബ് |
| ലാംഗ്വേജ് ലാബ് | ആഴ്ചയിൽ ഒരു പിരീഡ് പഠന പ്രവർത്തനങ്ങൾ ICT യുടെ സഹായത്തോടെ സാധ്യമാക്കൽ കമ്മ്യൂണിക്കേറ്റീവ് ഹിന്ദി പരിശീലനം | | ഹിന്ദി അധ്യാപൻ HM,PTA, |

# ഗണിതശാസ്ത്രം

**മുഖ്യലക്ഷ്യങ്ങൾ**



- എല്ലാകുട്ടികൾക്കും അവർപഠിക്കുന്ന ക്ലാസിനനുസരിച്ചും,നിലവാരമനുസരിച്ചും അടിസ്ഥാനാശയങ്ങൾ ഉറപ്പുവരുത്തുന്നു.
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഒരോഘട്ടത്തിലും ആർജിക്കേണ്ട ഗണിത ശേഷികൾ ഉറപ്പുവരുത്തുന്നു.
- ക്യാമ്പസ് ഒരു പാഠപുസ്തകം.
- ഗണിതലാബ് ശാസ്ത്രീകരണം, ഗണിതലൈബ്രറി.
- ഗണിതം ജീവിത ഗന്ധിയാക്കുക.
- പ്രായോഗിക ജീവിതവും ഗണിതപഠനവും.
- പ്രകൃതിയിലെ ഗണിത സൗന്ദര്യം ആസ്വദിക്കാനുള്ള അവസരമൊരുക്കുക.
- ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കൽ.
- ഗണിത പ്രതിഭകളെ കണ്ടെത്തലും പ്രോത്സാഹനവും.
- രക്ഷിതാക്കളെയും ഗണിതത്തിലേയ്ക്ക് ആകർഷിക്കാനുതകുന്ന തരത്തിലുള്ള ഗണിതോത്സവം.

**മുഖ്യലക്ഷ്യങ്ങളിൽ- ഒന്ന്**

എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്നക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും അടിസ്ഥാനാശയങ്ങൾ ഉറപ്പുവരുത്തുന്നു.

**ഉപലക്ഷ്യങ്ങൾ**

- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം,സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
- എല്ലാകുട്ടികൾക്കും വിവിധ സംഖ്യകളുടെ ചതുഷ്ക്രിയകൾ ഉറപ്പുവരുത്തും.
- അടിസ്ഥാന ഗണിതംപരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കുന്നു.ക്ലബ്ബ്പ്രവർത്തനങ്ങൾ ഗണിതലൈബ്രറി,ശാക്തീകരണം,ഗണിതകേളികൾ,ഗണിതപസിലുകൾ,ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പാക്കേജുകൾ തയ്യാറാക്കൽ,ഗണിതകിറ്റുകൾ,ഐ.സി.ടി എന്നിവ ഫലപ്രദമായിപ്രയോജനപ്പെടുത്തുന്നു.ഊഹിച്ചും മതിച്ചും (മനക്കണക്ക്)പറയാനുള്ള അവസരങ്ങൾ ഒരുക്കൽ.

**മുഖ്യലക്ഷ്യങ്ങളിൽ-രണ്ട്**

ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഓരോഘട്ടത്തിലും ആർജിക്കേണ്ട ഗണിതശേഷികൾ ഉറപ്പുവരുത്തുന്നു.

**ഉപലക്ഷ്യങ്ങൾ**

- സംഖ്യകളെ വ്യാഖ്യാനിക്കാനും അവയുടെ ക്രിയകൾ ചെയ്യാനും ക്രിയകൾ ഉപയോഗപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനും കുട്ടിക്ക് കഴിയണം.
- എണ്ണൽസംഖ്യകൾ,ഭിന്നസംഖ്യകൾ,ദശാംശസംഖ്യകൾ, നെഗറ്റീവ്സംഖ്യകൾ,തുടങ്ങിയവയുടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- ബീജഗണിതാശയം-ചതുഷ്ക്രിയകൾ,സംഖ്യാബന്ധം ഉറപ്പി

ക്കൽ.

- ജ്യാമിതി- വിവിധരൂപങ്ങൾ തിരിച്ചറിയുക,പരപ്പളവ്,വ്യാപ്തം,ചുറ്റളവ്, ഉള്ളളവ്, തിരിച്ചറിയുന്നതിനും,പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും,പ്രായോഗിക സന്ദർഭങ്ങളിൽ യുക്തിപൂർവ്വം പ്രയോഗിക്കുനനതിനും കുട്ടികളെ പ്രാപ്തരാക്കുക.
- ഐ.സി.റ്റിസാധ്യതകൾ കഴിയാവുന്നിടത്തോളം പ്രയോജനപ്പെടുത്തുന്നു.(ജിയോജിബ്ര, ജെഫ്രാക്ഷൻലാബ്, ഫെറ്റ് എന്നിവ പ്രയോജനപ്പെടുത്തുന്നു)
- ഉയർന്ന ചിന്താശേഷി ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- ബന്ധംകണ്ടെത്തൽ,പ്രയോഗിക്കൽ,വ്യാഖ്യാനിക്കൽ,സാമാന്യവത്ക്കരിക്കൽ, നിഗമനം രൂപീകരിക്കൽ.

**<u>ഒന്നാമത്തെ പ്രവർത്തനത്തിൻെറ പദ്ധതിരൂപരേഖ</u>**

**<u>_അടിസ്ഥാന_ഗണിതാശയങ്ങൾ ഉറപ്പാക്കൽ</u>**

**<u>ആമുഖം</u>**

1 മുതൽ 7 വരെ ക്ലാസുകളിലെകുട്ടികളുടെ അടിസ്ഥാന ഗണിതാശയങ്ങളുടെ നിലവാരം തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. എല്ലാ കുട്ടികൾക്കും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച്,നിലവാരമനുസരിച്ചും, അടിസ്ഥാനാശയങ്ങൾ ഉറപ്പു വരുത്താനുള്ള വിവിധ പ്രവർത്തനങ്ങൾ കണ്ടെ ത്തുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

- കുട്ടികളിൽ ഗണിത താത്പര്യം വർദ്ധിപ്പിക്കുക.
- വിവിധ സംഖ്യകളുടെ ചതുഷ്ക്രിയകൾ ഉറപ്പാക്കൽ.
- ചതുഷ്ക്രിയകൾഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ് വികിപ്പിക്കുന്നു.
- നിത്യ ജീവിതത്തിൽ ചതുഷ്ക്രിയകളുടെ പ്രാധാന്യവും അവ ഉപയോഗിച്ചുള്ള ദൈനദിന പ്രായോഗിക പ്രശ്നങ്ങൾപരിഹരിക്കുന്നതിനുള്ള കഴിവ്.
- ഐ.സി.റ്റിസാധ്യത ഉപയോഗിച്ച് അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നു.

**പ്രവർത്തനങ്ങൾ**

- പ്രീ ടെസ്റ്റ് (1 മുതൽ 7 വരെ ക്ലാസ്)
- കുട്ടികളുടെ നിലവാരമനുസരിച്ച് ഗ്രൂപ്പ് തിരിക്കുന്നു.
- സ്ഥാനവില പോക്കറ്റുപയോഗച്ച് സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- വിവിധ സംഖ്യകളുടെ ചതുഷ്ക്രിയകൾ ഉറപ്പു വരുത്താനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെട്ട പാക്കേജുകൾ തയ്യാറക്കൽ (ഗണിതകിറ്റ് ഗണിത കേളികൾ, ഗണിത പസിലുകൾ പ്രായോഗികപ്രശ്നങ്ങൾ)
- ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നതിന് ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നു.
- സഹവാസക്യാമ്പ്.

**നിർവ്വഹണചുമതല**

*ഗണിതാധ്യാപകർ,SRG കൺവീനർ.*

## പ്രവർത്തനങ്ങൾ

സ്കൂൾകെട്ടിടം, ചുറ്റുമതിൽ, ഗ്രൗണ്ട് എന്നിവയിൽ വിവിധ ജ്യാമിതിയരൂപങ്ങൾ മറ്റു ഗണിതാശയങ്ങൾ എന്നിവ ഗണിത വത്കരിക്കുന്നു.(BA LA)

- ചുറ്റുപാടിലെ വിവിധ ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നു.
- ജൈവവൈവിധ്യ പാർക്ക്, കൃഷിയിടമൊരുക്കൽ ഫുട്ബോൾ,വോളിബോൾകോർട്ട്,ട്രാക്ക് നിർമ്മാണം എന്നിവയിലൂടെ ജ്യാമിതിയരൂപങ്ങൾ തിരിച്ചറിയുകയും ചുറ്റളവ്, പരപ്പളവ് എന്നീആശങ്ങൾ തിരിച്ചറിയുന്നതോടൊപ്പം പ്രയോഗിക സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താനുള്ള അവസരം ഒരുക്കുന്നു.
- വിവിധ അളവു പാത്രങ്ങളുടെ നിർമ്മാണവും പ്രദർശനവും.
- വിവിധ അളവുകൾ- കൺവേർഷൻ.
- വ്യാപ്തം,ഉള്ളളവ്എന്ന ആശയം പ്രയോഗിക സന്ദർഭങ്ങളിലൂടെ ഉറപ്പിക്കൽ.

**കൃഷിയിടം ഒരുക്കുന്നതിലൂടെ**

- ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയൽ.
- ചുറ്റളവ്, പരപ്പളവ് എന്നി ആശങ്ങൾ ഉറപ്പിക്കുന്നു.
- ചുറ്റളവും, പരപ്പളവും താരതമ്യം ചെയ്യാനുള്ള അവസരം ഒരുക്കുന്നു.
- കുറഞ്ഞ ചുറ്റളവിൽ കൂടുതൽപരപ്പളവുള്ള രൂപങ്ങൾ ഏതാണെന്ന് തിരിച്ചറിയുന്നു.
- വരിയും നിരയും എന്ന ആശയം.
- വീതം വെയ്ക്കൽ.

- വില വിവരപ്പട്ടിക തയ്യാറാക്കൽ.
- ലാഭം, നഷ്ടം.
- ശരാശരി.
- ഗ്രാഫ്.
- അംശബന്ധവും,അനുപാതവും.
- ദശാംശസംഖ്യകൾ ഭിന്നസംഖ്യകൾ എന്നിവയുടെ ചതുഷ്ക്രി യകളുടെ ഉപയോഗം പ്രായോഗിക തലത്തിൽ.
- **ധനകാര്യ വിശകലനം**

ഗണിത കിറ്റ്,ഗണിതോപകരണങ്ങൾ-25000

ഫ്രാക്ഷൻകിറ്റ്,e tc ക്യാമ്പ്

**മോണിറ്ററിംഗ്**

ഹെഡ്മാസ്റ്റർ,SR G കൺവീനർ,PTA,S SG

## രണ്ടാമത്തെ പ്രവർത്തനത്തിൻറെ പദ്ധതി രൂപരേഖ

## ക്യാമ്പസ് ഒരു പാഠപുസ്തകം

**ആമുഖം**

സ്കൂൾ കെട്ടിടം,ചുറ്റുമതിൽ,ഗ്രൗണ്ട് എന്നിവ ഗണിത വത്ക്കരിക്കുന്നതിലൂടെ കുട്ടികളെ ഗണിത്തിലേയ്ക്ക് ആകൃഷ്ട രാക്കുന്നു.കുട്ടികൾ കണ്ടും,കേട്ടും ഗണിത സൗന്ദര്യത്തെ ആ സ്വദിച്ചറിയുന്നു. ചുറ്റുപാടുകളിലെ ജ്യാമിതീയ രൂപങ്ങൾ അ വ ഉപയോഗിച്ചുള്ള പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനുമുള്ള ശേഷികൾ വർദ്ധിപ്പിക്കുന്നു.

**ലക്ഷ്യം**

- കുട്ടികളെ ഗണിതത്തോട് താത്പര്യമുള്ള വരാക്കുക.
- ചുറ്റുപാടിലുള്ള വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്ന

തിന്.

- ജ്യാമിതിയ രൂപങ്ങളുടെ ചുറ്റളവ്,പരപ്പളവ് എന്നിവ കണ്ടെത്തുന്നതിന്.
- അവ നമ്മുടെ നിത്യജീവിതത്തിൽ പ്രയോജന പ്പെടുത്തുന്നതിന്.
- ത്രിമാനരൂപങ്ങളുടെ വ്യാപ്തവും,ഉള്ളവും തിരിച്ചറിയുന്നതിനും പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതത്തിൽ ഫലപ്രദമായി ഉപയോഗിക്കാനുമുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കൽ.ഗണിതാശയങ്ങൾ സ്വായത്ത മാക്കുന്നതിനും ഉള്ള അവസ ര മൊരുക്കൽ.
- ഗണിതലൈബ്രറി സജ്ജീകരിക്കുന്നതിലൂടെ ഗണിത ശാസ്ത്ര ജ്ഞന്മാരെക്കുറിച്ച് അറിയുന്നു.
- ഗണിതചരിത്രം,ഗണിതവളർച്ച ഇവയെക്കുറിച്ചറിയുന്നു.
- ഗണിതാഭിമുഖ്യം വളർത്തുന്നതിലൂടെ ഗണിതത്തിൻറെ ഉയർന്ന തലങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക.

**ലക്ഷ്യങ്ങൾ**

- ഗണിത താത്പര്യം ഉണർത്തുക.
- പ്രയോഗിക സന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ ഉപയോഗിക്കാൻ കുട്ടികളെ സജ്ജരാക്കുക.

**പ്രവർത്തനങ്ങൾ**

- ഗണിത ശാസ്ത്രലാബിനാവശ്യമായ വിശാലമായമുറി സജ്ജീകരിക്കൽ.
- ഗണിത ശാസ്ത്രോപകരണങ്ങൾ, ഗണിതശാസ്ത്രജ്ഞർ അവ

രുടെ ജീവചരിത്രകുറിപ്പുകൾ ഗണിത പാറ്റേണുകൾ etc.

- ഗണിതോത്സവം സംഘടിപ്പിക്കൽ.
- പഠനോപകരണ നിർമ്മാണ ശില്പശാല.
- ഒറിഗാമി ശില്പശാല.
- ഗണിത മാതൃകകളുടെ നിർമ്മാണം.
- ടാൻഗ്രാം നിർമ്മാണ ശില്പശാല.
- ഗണിത ലൈബ്രറി ഒരുക്കൽ.
- ഗണിത പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനാവശ്യമായ ഷെൽ
- വിവിധ ജ്യാമിതിയ മോഡലുകളുടെ നിർമ്മാണം.

**നിർവ്വഹണ ചുമതല**

- ഗണിതധ്യാപകൻ, SRG കൺവീനർ.

**ധനകാര്യ വിശകലനം**

- BA LA
- കൃഷിയിടമൊരുക്കൽ
- അളവു പാത്രങ്ങളുടെ നിർമ്മാണം-1200000/-
- ശില്പശാല

**മോണിറ്ററിംഗ്**

- ഹെഡ്മാസ്റ്റർ SR G കൺവീനർ,PTA, SS G.

**ഗണിതലാബ് ശാസ്ത്രീകരണം ഗണിത ലൈബ്രറി ഒരുക്കൽ**

**ആമുഖം**

- ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഗണിതലാബ് ഒരുക്കുന്നതിലൂടെ കുട്ടികളിലെ ഗണിതശേഷി വളർത്തുക,ഗണിതാഭിരുചി വളർത്തുക.
- കുട്ടിക്കൾക്ക് സ്വതന്ത്രമായി പ്രവർത്തനങ്ങളിലേർപ്പെടാനും ഗണിതാശയങ്ങൾ സ്വായത്ത മാക്കുന്നതിനും ഉള്ള അവസ

ര മൊരുക്കൽ.

- ഗണിതലൈബ്രറി സജ്ജീകരിക്കുന്നതിലൂടെ ഗണിത ശാസ്ത്ര ജ്ഞന്മാരെക്കുറിച്ച് അറിയുന്നു.
- ഗണിതചരിത്രം,ഗണിതവളർച്ച ഇവയെക്കുറിച്ചറിയുന്നു.
- ഗണിതാഭിമുഖ്യം വളർത്തുന്നതിലൂടെ ഗണിതത്തിൻറെ ഉയർന്ന തലങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക.

**ലക്ഷ്യങ്ങൾ**

- ഗണിത താത്പര്യം ഉണർത്തുക.
- പ്രയോഗിക സന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ ഉപയോഗിക്കാൻ കുട്ടികളെ സജ്ജരാക്കുക.

**പ്രവർത്തനങ്ങൾ**

- ഗണിത ശാസ്ത്രലാബിനാവശ്യമായ വിശാലമായമുറി സജ്ജീകരിക്കൽ.
- ഗണിത ശാസ്ത്രോപകരണങ്ങൾ, ഗണിതശാസ്ത്രജ്ഞർ അവരുടെ ജീവചരിത്രകുറിപ്പുകൾ ഗണിത പാറ്റേണുകൾ etc.
- ഗണിതോത്സവം സംഘടിപ്പിക്കൽ.
- പഠനോപകരണ നിർമ്മാണ ശില്പശാല.
- ഒറിഗാമി ശില്പശാല.
- ഗണിത മാതൃകകളുടെ നിർമ്മാണം.
- ടാൻഗ്രാം നിർമ്മാണ ശില്പശാല.
- ഗണിത ലൈബ്രറി ഒരുക്കൽ.
- ഗണിത പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനാവശ്യമായ ഷെൽഫുകൾ,ഇരിപ്പിടങ്ങൾ etc.

- ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

## നിർവ്വഹണ ചുമതല

- ഗണിത അധ്യാപകർ
- S R G
- SS G

## ധനകാര്യവിശകലനം

- ഗണിതലാബ് സജ്ജീകരണം-500000
- ഗണിതലൈബ്രറി -300000
- സെമിനാറുകൾ ശില്പശാലകൾ -100000

## ഗണിതപഠനം പ്രകൃതിയിലൂടെ

### ആമുഖം-

ഗണിതപഠനം ആസ്വാദ്യകരമാക്കുക എന്ന ലക്ഷ്യത്തോടെ പ്രകൃതിയിലെ ഗണിതാസ്വാദനത്തിനും നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നപരിഹരണ ത്തിനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഫീൽഡ്ട്രിപ്പ്, സെമിനാറുകൾ എന്നിവയിലൂടെ പ്രകൃതിയിലെ ഗണിതം ആസ്വദിക്കാൻ അവസരം ഒരുക്കുന്നു.

### ലക്ഷ്യങ്ങൾ

- ഗണിതം ജീവിത ഗന്ധിയാക്കുക.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ സജ്ജ് രാക്കുക.
- ഗണിത പ്രതിഭകളെ കണ്ടെത്തലും വിവിധ സ്കോളർഷിപ്പ് പരിക്ഷകൾക്ക് പരീശീലനം നൽകുകയും ചെയ്യുക.

- ക്ലബ് പ്രവർത്തനങ്ങളെ സജീവമാക്കി ഗണിതാഭിരുചി വളർത്തുക.
- ഗണിത മൂല്യങ്ങൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

- ഫീൽഡ് ട്രിപ്പ്.
- സെമിനാർ-പ്രകൃതിയിലെ ഗണിത വിസ്മയങ്ങൾ.
- പ്രോജക്ട്- നിത്യ ജീവിതത്തിലെ കണക്കുകൾ.
- പസിൽ കോൺടസ്റ്റ്.
- ഗണിത നാടകം.
- മാതൃകാ നിർമ്മാണം.
- ഗണിത മാഗസിൻ തയ്യാറാക്കൽ.
- ഗണിത പാറ്റേണുകൾ കണ്ടെത്തൽ.
- ഗണിതപ്പാട്ടുകൾ.
- ഗണിത കേളികൾ.
- ചുമർ പത്രിക തയ്യാറാക്കൽ

വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തൽ.

നിർവ്വഹണ ചുമതല

- ഗണിതഅധ്യാപകർ
- SR G
- PTA,MP TA,SS G


ധനവിനിയോഗം

- ഫീൽഡ്ട്രിപ്പ്-100000
- സെമിനാർ,പ്രൊജകട് -200000

# ശാസ്ത്രം

**ഉദ്ദേശലക്ഷ്യങ്ങൾ**

- **കുട്ടികളിൽശാസ്ത്ര അഭിരുചിവളർത്തുക.**
- **വസ്തുതകളെശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനുള്ളകഴിവ് നേടുക.**



**മേഖല**

- ശാസ്ത്രലാബ് സജ്ജമാക്കുക.
- ശാസ്ത്ര ലൈബ്രറി സജ്ജമാക്കുന്നു.
- ജൈവ വൈവിധ്യ ഉദ്യാനം മികവുറ്റതാക്കുന്നു.
- ശാസ്ത്ര ദിനാചരണങ്ങൾ.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
- വ്യക്തി,പരിസര ശുചിത്വം.
- ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ.
- ജൈവപച്ചക്കറിത്തോട്ടം.

**ഉപമേഖല ശാസ്ത്രലാബ് സജ്ജമാക്കൽ**

**ആമുഖം** - കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും, നിഗമനങ്ങളിൽ എത്തിചേരുന്നതിനുമുള്ള അവസരം ഒരുക്കുക എന്നതാണ് ശാസ്ത്രലാബ് നവീകരിക്കുന്നതിന്റെ ലക്ഷ്യം.

നിലവിൽ ശാസ്ത്രലാബ് അലമാരികളിൽ മാത്രം ഒതുങ്ങുന്നതാണ്.

**ലക്ഷ്യം**-എല്ലാ കുട്ടികൾക്കും വ്യക്തിഗതമായി പരീക്ഷണ

ങ്ങളിലേർപ്പെടാൻ സൗകര്യമൊരുക്കുക.

<u>പ്രവർത്തനങ്ങൾ</u>

- ശാസ്ത്ര ലാബിനാവശ്യമായ മുറി സജ്ജീകരിക്കൽ.
- ക്ലാസ്സ്റൂം പരീക്ഷണങ്ങൾക്കാവശ്യമായ സമഗ്രികൾ കണ്ടെത്തൽ.
- പഠനോപകരണ നിർമ്മാണ ശിൽപ്പ ശാലകൾ സംഘടിപ്പിക്കൽ.
- ശാസ്ത്രകിറ്റലേക്ക് ആവശ്യമായസമഗ്രികൾ വ്യക്തിഗതമായി ശേഖരിക്കൽ.
- സ്കൂൾ ശാസ്ത്രമേളകളിൽ മുഴവൻ കുട്ടികൾക്കും പ്രാധിനിത്യം ഉറപ്പാക്കുന്നു.
- ക്ലാസ്സുകളിൽ ശാസ്ത്രമൂലകൾ ഒരുക്കൽ.
- ഐ.സി.റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ നിരീക്ഷിക്കുന്നതിനും ചെയ്യുന്നതിനും ഉള്ള അവസരം ഒരുക്കൽ.

**നിർവ്വഹണചുമതല-** ക്ലാസ്ധ്യാപകർ,ശാസ്ത്ര അധ്യാപകർ ശാസ്ത്രക്ലബ്കൺവീനർ, ക്ലബ്സെക്രട്ടറിമാർ, PTA,HM,SSA,SRG,SSG

**<u>ധനകാര്യം</u>**

കാലയളവ് -ഒരുവർഷത്തേക്ക്

ലാബ് റൂം- 5 ലക്ഷം രൂപ

ഫർണിച്ചർ-2 ലക്ഷം രൂപ

ലാബ് സമഗ്രികൾ -1 ലക്ഷം രൂപ

ലാപ് ടോപ്പ്,പ്രൊജക്ടർ-1 ലക്ഷം രൂപ

ആകെ-10 ലക്ഷം രൂപ

മോണിറ്ററിംഗ്-PTA HM,SSA,

## ഊർജസംരക്ഷണ പ്രവർത്തനങ്ങൾ

ആമുഖം-വർദ്ധിച്ചു വരുന്ന ഊർജ പ്രതിസന്ധി മറികടക്കുന്നതിനു വേണ്ടി കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

ലക്ഷ്യം-ഊർജ സംരക്ഷണ സാക്ഷാത്കരിക്കുന്നതിന്.

_പ്രവർത്തനങ്ങൾ-

- വൈദ്യുതോപകരണങ്ങൾ ഉപയോഗശേഷം ഓഫ് ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.
- ജല ഉപയോഗത്തിൽ മിതത്വം പാലിക്കുക.
- ബയോഗ്യാസ് ഉപയോഗം.
- ജൈവ മാലിന്യങ്ങളെ വളമാക്കി മാറ്റുന്നു.
- ബോധവൽക്കരണ ക്ലാസ്.
- വൈദ്യുതി പാഴകുന്ന സാഹചര്യങ്ങൾ കാര്യക്ഷമമായ ഉപയോഗം ഇവ ബോധ്യപ്പെടുത്തുന്നതിന് ലഘുലേഖകൾ വിതരണം ചെയ്യുന്നു.

നിർവ്വഹണ ചുമതല-_ക്ലാസ്ധ്യാപകർ,സയൻസ് ക്ലബ് അംഗങ്ങൾ ക്ലാസ് ലീഡർമാർ.

ധനകാര്യം-ഒരുവർഷത്തേക്ക് -50000 രൂപ

മോണിറ്ററിംഗ്- HM

## ശാസ്ത്രദിനാചരണങ്ങൾ

ആമുഖം- കുട്ടികളിൽ ശാസ്ത്രദിനാചരണത്തിന്റെ പ്രാധാന്യ

ത്തെപ്പറ്റി ബോധവാന്മാരാക്കുക.

ലക്ഷ്യം-എല്ലാകുട്ടികളെയും ശാസ്ത്രദിനാചരണത്തിൻെറ ഭാഗമാക്കി മാറ്റുകയും അവരെ അതിൻറെ പ്രാധാന്യം മനസ്സിലാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു.

പ്രവർത്തനങ്ങൾ

- ശാസ്ത്രജ്ഞൻമാരെ പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കൽ.
- ഓരോ ദിനചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറക്കൽ.
- മാഗസീൻ തയ്യാറാക്കൽ.
- ബുള്ളറ്റിൻ ബോാഡുകളിൽ വിവരങ്ങൾ പ്രദർശിപ്പിക്കൽ.
- പോസ്റ്റർ നിർമ്മാണം.
- ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കൽ.

നിർവ്വഹണ ചുമതല ക്ലാസ്ധ്യാപകർ,സയൻസ് ക്ലബ്ബ് അംഗങ്ങൾ,PTA,SRG,

ധനകാര്യം--50000 രൂപ

മോണിറ്ററിംഗ്- HM,

ഉപമേഖല :ജൈവവൈവിധ്യഉദ്യാനം മികവുറ്റതാക്കുന്നു.



ആമുഖംചുറ്റുപാടുമുള്ള സസ്യങ്ങളെയും ജന്തുക്കളെയും നിരീക്ഷിക്കുന്നതിനും അവയെപ്പറ്റി കൂടുതൽ മനസിലാക്കുന്നതിനും അവസരം ഒരുക്കുന്നു.

**ലക്ഷ്യം-** എല്ലാകുട്ടികൾക്കും, പ്രകൃതിനടത്തത്തിനും പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.

## പ്രവർത്തനങ്ങൾ

- നിലവിലുള്ള ജൈവവൈവിധ്യ ഉദ്യാനം ഹരിതാഭവമാക്കുന്നു.
- സ്കൂളുംചുറ്റുപാടും വൈവിധ്യ മാർന്ന സസ്യങ്ങൾ വെച്ചു പിടിപ്പിക്കുക.
- കുട്ടികളുടെ ജൻമദിനത്തിൽ സമ്മാനമായി ഒരു ഔഷധസസ്യം സ്കൂളിലേക്ക് നൽകുന്നതിനുള്ള പരിപ്പാടി ആസൂത്രണം ചെയ്യുന്നു.
- ഔഷധസസ്യങ്ങൾ,വംശംനാശം നേരിടുന്ന സസ്യങ്ങൾ എന്നിവ ഉദ്യാനത്തിൽ സംരക്ഷിക്കുന്നു.
- 5,6,7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ഔഷധസസ്യങ്ങൾ അവയുടെ ഉപയോഗങ്ങൾ എന്നിവ മനസിലാക്കുന്നു.
- ചുറ്റുപാടിൽ നിന്ന് അവ കണ്ടെത്തി നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു.
- വംശംനാശം നേരിടുന്ന സസ്യങ്ങളെ കണ്ടെത്തി ശേഖരിച്ച് ഉദ്യാനത്തിൽ സംരക്ഷിക്കുന്നു.
- ശലഭോദ്യാനം നട്ടു വളർത്തുന്നു.
- എൽ.പി,യു.പി ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ശലഭങ്ങളെ ആകർഷിക്കുന്ന സസ്യങ്ങൾ നട്ടുപിടിപ്പിക്കുക. ശലഭങ്ങളെ നിരീക്ഷിക്കുക.അവയുടെ ജീവിത ചക്രത്തെപ്പ

റ്റി മനസിലാക്കുക പ്രജനന കാലത്തെപ്പറ്റി മനസിലാക്കുക.

നിർവ്വഹണചുമതല-ശാസ്ത്രക്ലബ്ബ് അംഗങ്ങൾ SRG,കൺവീനർ.

ധനകാര്യം-1 ലക്ഷം രൂപ

മോണിറ്ററിംഗ്-HM,SSA

## ശാസ്ത്രലൈബ്രറി സജ്ജമാക്കൽ

ആമുഖം കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക എന്ന ലക്ഷ്യ സാക്ഷാത്കരിക്കുന്നതിനുവേണ്ടി,ശാസ്ത്ര മാസികകൾ,ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ,ഓരോക്ലാസിനും വേണ്ട റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ സജ്ജീകരിക്കുക.

ലക്ഷ്യം- കുട്ടികളിൽ ശാസ്ത്ര വിഷയത്തോടുള്ള താൽപ്പര്യം വളർത്തുക.

പ്രവർത്തനങ്ങൾ

- ഓരോ ക്ലാസ്സിലും ഉപയോഗികാവുന്ന ശാസ്ത്ര പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറക്കൽ.
- പുസ്തകങ്ങൾ ശേഖരിക്കൽ (കുട്ടികളുടെ ജൻമ ദിനത്തിൽ ക്ലാസ് ലൈബ്രറിയിലേക്ക് ഒരു ശാസ്ത്രപുസ്തകം സംഭാവന ചെയ്യൽ)
- രക്ഷിതാക്കളുടെ സഹായത്തോടെ പുസ്തകങ്ങൾ ശേഖരിക്കൽ ക്ലാസ്സിൽ വായനാക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ വായനാക്കുറിപ്പുകൾ CPTA അവതരിപ്പിക്കൽ.
- നിർവ്വഹണചുമതല- ക്ലാസ്സധ്യാപകർ,ശാസ്ത്രഅധ്യാപകർ ശാസ്ത്രക്ലബ് കൺവീനർ, ക്ലബ് സെക്രട്ടറിമാർ PTA HM,SSA,

SRG, SSG.
ധനകാര്യം

പുസ്തകങ്ങൾ സൂക്ഷിക്കാൻ അലമാര- 150000 രൂപ

പുസ്തകങ്ങൾ-1 ലക്ഷം രൂപ

ആകെ-4 ലക്ഷം രൂപ

മോണിറ്ററിംഗ്-PTA HM,

ഗ്രീൻപ്രോട്ടോകോൾ-വ്യക്തിശുചിത്വം, പരിസരശുചിത്വം.

ആമുഖം-വ്യക്തി ശുചിത്വവും ,സാമൂഹ്യ ശുചിത്വവും, ഉറപ്പു വരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കുട്ടികളെ ബോധവാൻമാരാക്കുക.

- ലക്ഷ്യം- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്നലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് .

<u>പ്രവർത്തനങ്ങൾ</u>

- പ്ലാസ്റ്റിക് വസ്തുകൾ (പേനകൾ മിഠായ, കടലാസുകൾ) എന്നിവ ഉപയോഗം നിരോധിക്കുക.
- മഷിപെൻ ഉപയോഗം സാധ്യമാക്കുക.
- പേപ്പർ ബാഗുകൾ, നിർമ്മിക്കുന്നു ഉപയോഗിക്കുന്നു.
- സ്കൂളിലെ പരിപാടികളിൽ ഡിസ്പോസിബിൾ ആയിട്ടുള്ള വസ്തുകൾ ഒഴിവാക്കുക.
- മാലിന്യങ്ങൾതരംതിരിച്ച്സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- തുണി സഞ്ചി നിർമ്മാണം.

നിർവ്വഹണ ചുമതല- അധ്യാപകർ ,ഹെൽത്ത്ക്ലബ്ബ്,അംഗ

ങ്ങൾ പഞ്ചായത്ത്,SSG,PTA

ധനകാര്യം- ഒരുവർഷത്തേക്ക്-ഒരു ലക്ഷം രൂപ

മോണിറ്ററിംഗ്- PTA,HM ക്ലബ് അംഗങ്ങൾ.

ഉപമേഖല -ജൈവ പച്ചക്കറിത്തോട്ടം.

- ആമുഖം- കുട്ടികൾ പാഠഭാഗവുമായി ബന്ധപ്പെട്ട് പച്ചക്കറികളുടെ ഉപയോഗത്തിൻെറ പ്രാധാന്യം തിരിച്ചറിയുന്നു.
- ലക്ഷ്യം-അടുക്കളത്തോട്ട നിർമ്മാണം,പച്ചക്കറി ഉൽപാദനത്തിൽ, സ്വയംപര്യാപ്തത. ജൈവവള പ്രയോഗത്തിൻെറ പ്രാധ്യാന്യം എന്നിവയെ പറ്റി കുട്ടികൾ മനസിലാക്കുന്നു.

പ്രവർത്തനങ്ങൾ

- പച്ചക്കറിത്തോട്ടം നിലമൊരുക്കൽ.
- വള പ്രയോഗങ്ങളെപ്പറ്റി ചർച്ച.
- വള പ്രയോഗം.
- നടീൽ വസ്തുക്കൾ മികച്ചവ കണ്ടെത്തുന്നു.
- തൈകൾ നടുന്നു.
- ജലസേചനത്തിൻെറ പ്രാധ്യാന്യം മനസിലാക്കുന്നു.
- പച്ചക്കറികളിലെ വ്യത്യസ്തതകൾ മനസിലാക്കുന്നു.
- crepers,climbers,herbs എന്നിവയെ കുറിച്ച് കുടുതൽ നിരീക്ഷണങ്ങൾ നടത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.
- വിവിധ പച്ചക്കറികളിലെ പോഷക ഗുണങ്ങളെപ്പറ്റി വിവരങ്ങൾ ശേഖരിക്കുന്നു.സമീക്രൃതാഹാരത്തിൻെറ പ്രാധാന്യം,ഇലക്കറികൾകഴിക്കേണ്ടതിൻറെ പ്രാധാന്യം ഇവ തിരിച്ചറിയുന്നു.


- ജൈവപച്ചക്കറിത്തോട്ടം വീട്ടിൽ നിർമ്മിക്കേണ്ടതിൻെറ ആവശ്യകത മനസിലാക്കുന്നു.

നിർവ്വഹണ ചുമതല-അധ്യാപകർ,കാർഷികക്ലബ്ബ് അംഗങ്ങൾ,PTA, HM.

ധനകാര്യം

ഒരുവർഷത്തേക്ക്- 20000 രൂപ

മോണിറ്ററിംഗ്- PTA, HM,ക്ലബ്ബ് അംഗങ്ങൾ



# സാമൂഹ്യ ശാസ്ത്രം



- **ആമുഖം**

സ്കൂൾ പഠനംപൂർത്തിയാക്കുമ്പോഴേക്കും മുഴുവൻ കുട്ടികളും സാമൂഹ്യ ജീവിയെന്ന നിലയിൽ തന്റെ ഉത്തരവാദിത്വത്തെക്കുറിച്ചും മറ്റുളവരോടുള്ള കടപ്പാടുകളെക്കുറിച്ചും ബോധവാൻമാരാക്കുകയും ഒരു ജനാധിപത്യ രാജ്യത്തിലെ ഉത്തമ പൗരൻമാരായി ജീവിക്കാനുള്ള സംസ്കാരം രൂപപ്പെടുത്തുകയും ചെയ്യുക.കുട്ടികൾ അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ചരിത്രപഠന അവബോധവും സാമൂഹ്യസാമ്പത്തിക, ഭൂമിശാസ്ത്രപരമായ പരിജ്ഞാനം കൈവരിക്കുമെന്നും ഉറപ്പു വരുത്തുക ഐ. സി. ടി സാധ്യതകൾ പരമാവധി ഉപയോഗ പ്പെടുത്തിക്കൊണ്ട്. സാമൂഹ്യ ശാസ്ത്ര പഠനം രസകരവും ഫലപ്രദമായ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക.

<u>ഉദ്ദേശ്യലക്ഷ്യങ്ങൾ-</u>

- പഠിക്കുന്ന ക്ലാസ്സിനും നിലവാരത്തിനും അനുസരിച്ച് ചരിത്ര പഠന അവബോധവും സാമൂഹ്യസാമ്പത്തിക ഭൂമി ശാസ്ത്രപരവുമായ പരിജ്ഞാനം കൈവരിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ-സന്ദർശനം.
- സാമൂഹ്യശാസ്ത്ര നൈപുണികൾ കൈവരിക്കുക.
- ദിനാചരണങ്ങൾ സമുചിതമായി നടത്തുക.
- കുട്ടി സാമൂഹികജീവി എന്നനിലയിൽ ഉത്തര വാദിത്വത്തെ

കുറിച്ചും,കടപ്പാടുകളെ കുറിച്ചും ബോധവാൻ മാരാക്കുക.രാജ്യത്തിലെ ഉത്തമ പൗരൻമാരായി ജീവിക്കാനുള്ള സംസ്കാരം രൂപപ്പെടുത്തുക.

- അഭിരുചിക്ക് അനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾഫലപ്രദമായി നടത്തുന്നതിനും,വിവിധ രീതിയിൽ ആവിഷ് കരിക്കുന്നതിനും ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പ്രായോഗിക ജീവിതത്തിൽ നടപ്പിലാക്കാനുള്ള ശേഷകൾ കൈവരിക്കുക.
- ഓരോ കുട്ടിയും തൻറെ കർത്തവ്യങ്ങൾ,അവകാശങ്ങൾ സാമൂഹികസംസ്കാരം എന്നിവ സ്വായത്തമാക്കുന്നതിന് പ്രാപ്തരാക്കുക.

മുഖ്യലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും ചരിത്രപഠന അവബോധവും സാമൂഹ്യ സാമ്പത്തിക ഭൂമിശാസ്ത്രപരവുമായ പരിജ്ഞാനം കൈവരിച്ചുവെന്ന് ഉറപ്പു വരുത്തും.
- ഓരോ അക്കാദമിക വർഷവും പൂർത്തികരിച്ച് പുറത്ത് വരുന്ന മുഴുവൻ കുട്ടികളും സാമൂഹ്യശാസ്ത്ര നൈപുണികൾ കൈവരിക്കാൻ പ്രാപ്തരാകും.
  - സ്കൂൾപഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും സാമൂഹ്യ ജീവിയെന്നനിലയിലുള്ള തൻെറ ഉത്തര വാദിത്വത്തെക്കുറിച്ചും മറ്റുള്ളവരോടുള്ള കടപ്പാടുകളെക്കുറിച്ചും ബോധവാൻ മാരാക്കുകയും ഒരു ജനാധിപത്യ രാജ്യത്തി

ലെ ഉത്തമ,പൗരനായി ജീവിക്കാനുള്ള സംസ്കാരം രൂപപ്പെടുത്തുകയും ചെയ്യും.

- ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കും
- ഓരോ കുട്ടിയും തന്റെ കർത്തവ്യങ്ങൾ അവകാശങ്ങൾ സാമൂഹ്യസംസ്കാരം എന്നിവ സ്വായത്തമാക്കുന്നതിന് പ്രാപ്തരാക്കും.

<u>ഉപലക്ഷ്യങ്ങൾ</u>

- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം സൂക്ഷമാസൂത്രണം എന്നിവ സമയ ബന്ധിതമായി പൂർത്തിയാക്കും.
- എല്ലാകുട്ടികളെയും സാമൂഹ്യശാസ്ത്ര നൈപുണികൾ കൈവരിക്കുന്നതിന് പ്രപ്തരാക്കും.
- സാമൂഹ്യ അവബോധമുണ്ടാക്കുന്നതിനായി ശില്പ ശാലകൾ, മ്യൂസിയം,ലൈബ്രറി എന്നിവ ഒരുക്കും.
- ഓരോ അക്കാദമിക വർഷവും വിവിധ ക്ലാസുകളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന വിധത്തിൽ സാമൂഹ്യശാസ്ത്ര നൈപുണികൾ കൈവരിക്കാൻ വൈവിധ്യ പൂർണമായ അവസരങ്ങൾ ഒരുക്കും.
- ഓരോ യൂണിറ്റിലുമുള്ള പഠന പ്രവർത്തനങ്ങൾ ആർജിക്കുന്നതിന് ആവശ്യമായ അവസരങ്ങൾ പരിപോഷിപ്പിക്കും.
- സമയാസമയങ്ങളിൽ,സെമീനാറുകൾ,സംവാദം,ക്വിസ് മത്സരങ്ങൾ അഭിമുഖം തുടങ്ങിയ പ്രവർത്തനങ്ങൾക്ക്

വൈവിധ്യ മാർന്ന അവസരങ്ങൾ ഒരുക്കും.

- ജനാധിപത്യ അവബോധമുണ്ടാക്കുന്നതിനായി എല്ലാവർഷവും സ്കൂൾ പാർലമെൻെറ് സംഘടിപ്പിക്കും.
- എല്ലാ കുട്ടികളെയും സാമൂഹ്യ ജീവിയെന്ന നിലയിലുള്ള തൻെറ ഉത്തരവാദിത്വവും കടപ്പാടും ഉൾകൊണ്ട് ഉത്തമ പൗരനായി ജീവിക്കാനായി വിവിധ സാമൂഹ്യ സംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കും,ബോധവൽകരണ ക്ലാസുകൾ നൽകും.

<u>**പദ്ധതി രൂപരേഖ**</u>

- സ്കൂൾ സാമൂഹ്യ ശാസ്ത്ര ലാബ് സംവിധാനം ആകർഷകമാക്കി പുസ്തകങ്ങൾ, പുരാവസ്തുക്കൾ,ചരിത്ര പ്രാധാന്യമുള്ള ശേഷിപ്പുകൾ,നാണയം,സ്റ്റാമ്പ് ,ഭൂപടം ഗ്ലോബ് എന്നിവയുടെ ഉപയോഗം.




<u>**ആമുഖം-**</u>

സാമൂഹ്യശാസ്ത്ര ലാബ് നിലവിൽ സ്കൂളിൽ സജീകരിച്ചിട്ടില്ല. ഗ്ലോബുകൾ, മാപ്പുകൾ പരിമിതമായ ചരിത്ര പുസ്തകങ്ങൾ എന്നിവ മാത്രമാണ്നിലവിൽ ലഭ്യമായിട്ടുള്ളത്.പാഠഭാഗവുമായി ബന്ധപ്പെട്ട് മാത്രമാണ് ഗ്ലോബുകളും, മാപ്പുകളും പ്രായോജനപ്പെടുത്തുന്നത് വിശാലമായ സാമൂഹ്യശാസ്ത്രലാബ് സ്കൂളിൽ സജ്ജമാക്കേണ്ടതുണ്ട്. ലാബിനോട് ചേർന്ന് ചരിത്ര മ്യൂസിയം ഒരുക്കേണ്ടതുണ്ട്.സാമൂഹ്യ ശാസ്ത്രലാബിൽ ചരിത്ര പുസ്തകങ്ങൾ,മറ്റുസാമൂഹിക സാമ്പത്തിക രാഷ്ട്രീയ ഭൂമി ശാസ്ത്ര

പരമായ  പുസ്തകങ്ങൾ സി.ഡികൾ, പത്രങ്ങൾ, മാസികകൾ എന്നിവ ഉൾകൊള്ളിച്ച കൊണ്ടുള്ള ലൈബ്രറി ഒരുക്കാവുന്നതാണ്.

- ചരിത്ര മ്യൂസിയവുമായി ബന്ധപ്പെട്ട് പുരാവസ്തു ശേഖരണം, ശേഷിപ്പുകൾ വിവിധ ശേഖരണങ്ങൾ (സ്റ്റാമ്പ്, നാണയം, മണ്ണ്) പ്രദേശിക ചരിത്രരചനകൾ കാർഷിക ഉപകരണങ്ങൾ  തുടങ്ങിയവ ഒരുക്കാവുന്നതാണ്.
- അത്യാധുനിക സൗകര്യങ്ങളോടുകൂടി ഐ.സി.ടി സഹായ ബോധനത്തിനാവശ്യമായ ഉപകരണങ്ങളും സജീകരണങ്ങളും ഉൾകൊള്ളിച്ച്  സാമൂഹ്യശാസ്ത്രലാബ് വിപുലമാക്കണം.
- സാമൂഹ്യ ശാസ്ത്ര ലാബിൽ നിന്ന് തന്നെ കുട്ടികൾ ഗ്ലോബുകൾ,മാപ്പുകൾ,കാലഗണന  മനസ്സിലാക്കുന്നതിനുള്ള  ഉപകരണങ്ങൾ വടക്കുനോക്കിയന്ത്രം, അറ്റ്ലസ് എന്നിവ സ്വന്തമായി ചെയ്തും കണ്ടും  ഉപയോഗിച്ചും പൂർണ്ണമായ അവബോധം സൃഷ്ടിക്കതക്ക രീതിയിൽ സാമൂഹ്യശാസ്ത്രലാബ് ഒരുക്കണം

## ലക്ഷ്യം

- 2025-26 അധദയായന വര്ഷണെ പൂര്ത്തജയയാക

പരമായ സാമൂഹ്യശാസ്ത്ര ലാബ് സ്കൂളിൽ ക്രമീകരിക്കുകയും ആകർഷകമാക്കി ഫലപ്രദമായ ഉപയോഗം ഉറപ്പ വരുത്തുകയും ചെയ്യും.

## പ്രവർത്തനങ്ങൾ

- വിഷയാടിസ്ഥാനത്തിൽ    (ഭൂമിശാസ്ത്രം,ചരിത്രം,സാമ്പത്തിശാസ്ത്രം,രാഷ്ട്രതന്ത്രശാസ്ത്രം)  സാമൂഹ്യ ശാസ്ത്ര ലൈബ്രറി ക്രമീകരിക്കൽ.

- ഓരോ വിഷയത്തിനും പാഠഭാഗത്തിനും അനുയോജ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ തയ്യാറാക്കുന്നു. ക്ലാസ്സല അധ്യാപകരു ടെ സേവനം പ്രയോജനപ്പെടുത്തുന്നു.
- പുസ്തക വിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു.
- കുട്ടിക്കൾ തന്നെ ലൈബ്രറിയുടെ ചാർജ്ജും പുസ്തക വിതരണ ത്തിന്റെ ചാർജ്ജും,നൽകുന്നു.
- സാമൂഹ്യശാസ്ത്ര ക്ലബിന്റെ ചാർജ്ജുള്ള അധ്യാപകന് സാമൂ ഹ്യ ശാസ്ത്രലാബിന്റെപ്രധാന ഉത്തരവാദിത്വം ഏൽപ്പിക്കു ന്നു.

- വിവിധ സാമൂഹ്യശാസ്ത്ര മേഖലകൾ തിരിച്ച് മ്യൂസിയം ഒരു ക്കുകയും കുട്ടികൾക്ക് ഉത്തരവാദിത്വം നൽകുകയും ചെയ്യുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട് മ്യൂസിയത്തിന്റെ ഉപയോഗ സാധ്യത അധ്യാപകന്റെ സഹായത്തോടെ ഉപയോഗപ്പെ ടുത്തുന്നു.

**<u>നിർവ്വഹണ ചുമതല</u>**

സാമൂഹ്യശാസ്ത്ര ക്ലബിന്റെ ചാർജ്ജുള്ള അധ്യാപകന് ലാബ് മ്യൂസിയം എന്നിവയുടെ ഉത്തരവാദിത്വം നൽകുന്നു.

**<u>ധനകാര്യ വിനിയോഗം</u>**

- ലാബിനാവശ്യമായ കെട്ടിടം- 5 ലക്ഷം
- മ്യൂസിയത്തിൽ ആവശ്യമായ വസ്തുക്കൾ- 2 ലക്ഷം

ശേഖരിക്കൽ

പുസ്തകങ്ങൾ -25000/-

- പത്രമാസികകൾ-5000/-
- ലാബിലേക്ക്ആവശ്യമായ വസ്തുക്കൾ-1 ലക്ഷം

TOTAL-830000/-

**കാലയളവ് -** 2 വർഷം

**മോണിറ്ററിംങ്**

HM,SRG,കൺവീനർ SSG,കൺവീനർ PTA,MPTA പ്രതിനിധി.



## മേഖല- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലന പരിപാടി IEDC

**ഉദ്ദേശ്യങ്ങൾ**

- ളിലെത്താൻ കഴിയുന്ന എല്ലാകുട്ടികളേയും സ്കൂളിലെത്തിക്കുക.
- കിടപ്പുരോസ്കഗികളായ കുട്ടികൾക്ക് വീട് കേന്ദ്രീകൃത വിദ്യാഭ്യാസം ഉറപ്പാക്കുക .
- പഠനസാമഗ്രികൾ, ആനുകൂല്യങ്ങൾ എന്നിവ ഉറപ്പാക്കുക.
- മികച്ച ചിക്ത്സാസൗകര്യങ്ങൾ റിസോഴ്സ് റൂം തൊഴിൽ പരിശീലന യൂണിറ്റുകൾ,രക്ഷാകർത്താക്കൾക്കുള്ള ബോധവത്ക്കരണം എന്നിവ നടപ്പിലാക്കുക.

**<u>ഉപമേഖല</u>**

തൊഴിൽ പരിശീലന യൂണിറ്റുകൾ.

**<u>ആമുഖം</u>**

- കണിയാമ്പറ്റ പഞ്ചായത്തിലെ വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു IEDC റിസോഴ്സ്റൂം നമ്മുടെ സ്കൂളിപ്രവർത്തിക്കുന്നുണ്ട്. പക്ഷേ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം രക്ഷിതാക്കളും കുട്ടികളും വീർപ്പുമുട്ടുന്നു. ഇത്തരം കുട്ടികളുടെ ദൈനംദിനആവശ്യങ്ങൾനിറവേറ്റുന്നതിന് ആവശ്യമായ വരുമാനം ഇല്ലായ്മ രക്ഷിതാകളെ വളരെയധികം വേദനിപ്പിക്കുന്നു. രക്ഷിതാക്കൾക്ക് നിത്യവ

രുമാനത്തിനുതകുന്ന സ്വയം തൊഴിൽ പരിപ്പാടികൾ IEDC സെൻെററുകൾ കേന്ദ്രീ കരിച്ച് നടപ്പാക്കുക.

## ലക്ഷ്യങ്ങൾ

IEDC കുട്ടികളുടെ രക്ഷിതാക്കൾക്ക് നിത്യ വരുമാനത്തിനുതകുന്ന സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക.

## പ്രവർത്തനങ്ങൾ

- രക്ഷിതാക്കൾക്ക് മികച്ച തൊഴിൽ പരിശീലനം നൽകുക. (ടൈലറിംഗ്)
- തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുക .
- റിസോഴ്സ് റൂമുകളോട്ചേർന്ന് തൊഴിൽപരിശീലന യൂണിറ്റുകൾ ആരംഭിക്കുക.
- രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകുക.
- രക്ഷിതാക്കളുടേയും കുട്ടികളുടെയും പങ്കാളിത്തം ഈ പരിശീലന പരിപ്പാടിയിൽ ഉറപ്പാക്കുക.
- തൊഴിൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും.

## നിർവ്വഹണ ചുമതല

- പഞ്ചായത്ത്
- SSA
- ഇംപ്ലിമെൻറിംഗ് ഓഫിസർ
- HM
- IEDC തെറാപ്പിസ്റ്റ്

- IEDC ടീച്ചർ
- കൗൺസിലർ

**ധനകാര്യവിശകലനം**

- പഞ്ചായത്ത്-500000
- SSA-500000

**കാലയളവ്-2 വർഷം**

**മോണിറ്ററിംഗ്**

- Bpo
- പഞ്ചായത്ത് പ്രസിഡൻറ്
- ഇംപ്ലിമെൻറിംഗ് ഓഫിസർ

# മേഖല - ഗോത്ര വിദ്യാഭ്യാസം

- **<u>ഉദ്ദേശ്യങ്ങൾ</u>-**

- ഗോത്ര വിഭാഗത്തിൽപ്പെട്ട എല്ലാകുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക.
- ഗോത്ര വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം ഉറപ്പാക്കുക.
- ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള യാത്രസൗകര്യം ഏർപ്പെടുത്തുക.
- കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.

**ഉപമേഖല**

- കൊഴിഞ്ഞുപോക്ക് .
- ഹാജർ ഇല്ലായ്മ.

**ആമുഖം**

ഈ വിദ്യാലയത്തിൽ ഗ്രോത്രവിഭാഗത്തിൽപ്പെട്ട 70 ഓളം കുട്ടികൾ പഠിക്കുന്നു.ഇതിൽ പലകുട്ടികളുടേയും ഹാജർ നിലവാരം വളരെ പിന്നോക്കാവസ്ഥയിലാണ്.കുട്ടികളുടെ യാത്രസൗകര്യം,മാതാപിതാകളുടെവരുമാനം, താൽപ്പര്യക്കുറവ് മനോഭാവം,സാമൂഹ്യപശ്ചാത്തലം ഭാഷ,ആകർഷകമല്ലാത്ത പഠനസാഹചര്യങ്ങൾ ജീവിതരീതിയിൽ വന്ന മാ



റ്റം ഇവയെല്ലാം പിന്നോക്കാവസ്ഥയ്ക്ക് കാരണങ്ങളാണ്.

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ ഹാജർ നിലവാരം മെച്ചപ്പെടുത്തുക.
- പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കലകായിക പരമായ കഴിവുകൾ വികസിപ്പിക്കുക.
- ഗ്രോത്രഭാഷ പ്രോത്സാഹനം.

**പ്രവർത്തനങ്ങൾ**

- ഓരോ കോളനികളിൽ നിന്നും സ്കൂളിലേയ്ക്കുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തുക.(വാഹനങ്ങൾ)
- കോളനികളിൽ കമ്മിറ്റികൾ രൂപികരിച്ച് മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുക.
- ജനപ്രതിനിധികൾ സോഷ്യൽവർക്കർ പ്രൊമോട്ടർമാര, നോഡൽഓഫിസർ,ജനമൈത്രി പോലീസ്, പ്രധാനാധ്യാപകൻ,അധ്യാപകർ മെൻഡർടീച്ചർകൗൺസിലർ,അനിമേറ്റർ, കുടുംബശ്രീ എന്നിവരുടെ സേവനം ഉറപ്പുവരുത്തുക.
- കോളനികൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപ്പാടികൾ സംഘടിപ്പിക്കുക.
- പഠനവീടുകൾ, ഗോത്രഫെസ്റ്റ്, പഠനോ പകരണങ്ങൾ.
- കോളനികൾ കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
- കൗൺസിലിംഗ് നടപ്പാക്കുക.
- ഗ്രാൻെറ വിതരണത്തിൻെറ പ്രയോജനം കുട്ടികൾക്ക് **ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.**

- ഗ്രോത്രകലകൾ പരിപോഷിപ്പിക്കുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഉള്ള സമഗ്രാസൂത്രണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.
- സ്കൂളിലെ ഗോത്രവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബാലസഭാപ്രവർത്തനം കാര്യക്ഷമമാക്കുക.

**നിർവ്വഹണ ചുമതല**

ജനപ്രതിനിധികൾ, പ്രൊമോട്ടർമാർ, നോഡൽ ഓഫീസർ,മെൻഡർടീച്ചർ,പ്രധാനാധ്യാപകൻ,അധ്യപകർ, കൗൺസിലർമാർ ജനമൈത്രി പോലീസ് ട്രൈബൽ ഓഫീസർ,സോഷ്യൽവർക്കർ ആശാവർക്കർ കുടുംബശ്രീ,അനിമേറ്റർമാർ എന്നിവരുടെ ഗ്രൂപ്പ് പ്രവർത്തനം.

**ധനകാര്യ വിശകലനം**

വാഹനസൗകര്യം -50000

കൗൺസിലിംഗ്,ബോധവത്ക്കരണം-5000

കാലയളവ്- 1 വർഷം

**മോണിറ്ററിംഗ്**

പ്രൊജക്ട് ഓഫീസർ.

HM

BPO

പഞ്ചായത്ത് പ്രസിഡൻെറ്.

# മേഖല: ഐ.സി.ടി

**മേഖല: ഐ.സി.ടി** **മേഖല: ഐ.സി.ടി**

**ഉദ്ദേശ്യം** -ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കലും അതിൽ നൈപുണ്യം നേടലും.



**ഉപമേഖല-** കമ്പ്യൂട്ടർ സാക്ഷരത.

**ആമുഖം** -ആധുനിക സാങ്കേതികവിദ്യ വിപ്ലവം സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ ഓരോ വിദ്യാർത്ഥിക്കും കമ്പ്യൂട്ടർ സാക്ഷരത വേണ്ടതാണ്. ഈ ഘട്ടത്തിൽ ഐ.സി.ടി യിൽ ധാരണയും കഴിവും നേടേണ്ടതാണ്.

**ലക്ഷ്യം-** കമ്പ്യൂട്ടർസാക്ഷരതയിലൂടെ കമ്പ്യൂട്ടർ ഉപയോഗിക്കാനും അതുമായി ബന്ധപ്പെട്ട മേഖലകളിൽ നൈപുണിനേടലും.

**പ്രവർത്തനങ്ങൾ**

- കമ്പ്യൂട്ടറിനെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പരിചയപ്പെടുത്തൽ
- സ്വതന്ത്ര സോഫ്റ്റ് വെയർ പരിചയപ്പെടൽ.



- പ്രോജക്ടർ, ലാപ്ടോപ്പ് കമ്പ്യൂട്ടർ തുടങ്ങിയവ പ്രവർത്തിപ്പിക്കലും ഉപയോഗിക്കലും.
- ഇംഗ്ലീഷ്,മലയാളംടൈപ്പിംഗ് പരിശീലനം.
- ഇ-മെയിൽ അയക്കുന്നതിനും,സ്വീകരിക്കുന്നതിനും പരിശീലനം.

- സോഷ്യൽ മീഡിയകളെ പരിചയപ്പെടൽ.
- ആധുനിക സാങ്കേതിക വിദ്യ സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള ബോധവത്കരണ ക്ലാസ്.
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത ക്ലാസ് സംഘടിപ്പിക്കൽ.
- school wiki, blog എന്നിവ  പരിചയപ്പെടൽ.

**സാമ്പത്തികാവലോകനം-**

ഒരു വർഷത്തേക്ക്

Resource  അധ്യാപകനുള്ള ചിലവ്-5000.

**നിർവ്വഹണ ചുമതല -** ക്ലാസ് അധ്യാപകൻ, SITC,PTA.

**മോണിറ്ററിംഗ്-**പ്രധാനഅധ്യാപകൻ,PTA,MPTA പ്രതിനിധികൾ, സീനിയർ അസിസ്റ്റന്റ് .

**മേഖല- ഐ.സി.ടി**

**ഉപമേഖല- സ്മാർട്ട് ക്ലാസ് റൂം**

**ആമുഖ-** പൈലറ്റ്പ്രോജക്ട് പദ്ധതിയിലുൾപ്പെട്ട വിദ്യാലയമാണിത്.പക്ഷേ അതിന് അനുസരിച്ചുള്ള സൗകര്യങ്ങൾ സ്കൂളിൽ നിലവില്ല.പൂർണമായും ഈപദ്ധതിയുടെ പ്രയോജനംലഭിക്കുന്ന വിധത്തിൽ ക്ലാസ്റൂമുകൾ ഒരുക്കേണ്ടതുണ്ട്.

**ലക്ഷ്യം-**എല്ലാ വിഷയങ്ങളും ഐ.സി.ടി സാധ്യത ഉപയോഗിച്ച് പഠിക്കൽ.ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും, വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ.

**പ്രവർത്തനങ്ങൾ**

- എല്ലാ ക്ലാസ് റൂമുകളിലും മൾട്ടിമീഡിയ സൗകര്യം.
- LCD,PROJECTOR,WIFI,INTERACTIVE,Whiteboard,

പ്രവർത്തനങ്ങൾ Record ചെയ്യുന്നതിനുള്ള സൗകര്യം.

- വീഡിയോ കോൺഫറൻസ് ക്രമീകരണം,സൗണ്ട് സിസ്റ്റം.
- എല്ലാ കുട്ടികൾക്കും Laptop.
- ക്ലാസ് റൂമുകൾ tiles ഇടണം.
- **Sound proof, Dust proof.**

**സാമ്പത്തിക അവലോകനം**

- Laptop- 5-കോടി
- മൾട്ടിമീഡിയ സൗകര്യം -50 ലക്ഷം
- Tiles -10 ലക്ഷം
- ആകെ - 5 കോടി 60 ലക്ഷം

**നിർവ്വഹണചുമതല**

ക്ലാസ് അധ്യാപകൻ,ഹെഡ്മിസ്ട്രസ് SITC,PTA KITE, SSA, DIET, SCERT,ഗ്രാമപഞ്ചായത്ത് Sponsorship.

ഹെഡ്മാസ്റ്റർ,SITC സീനിയർഅസിസ്റ്റൻറ് SRG കൺവീനർ PTA.

**ഉപമേഖല - കമ്പ്യൂട്ടർ ലാബ് ശാക്തീകരണം**

**ആമുഖം**-നിലവിലുള്ള കമ്പ്യൂട്ടർ ലാബിന് പരിമിതമായസൗകര്യങ്ങൾ മാത്രമാണ് ലഭ്യമായത് ഇത് കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

**ലക്ഷ്യം**-പാഠ്യേതരപ്രവർത്തനങ്ങൾ,രക്ഷിതാക്കൾക്കുള്ളക്ലാസ്,ക്ലാസ്ശില്പശാലകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

- മുടക്കമില്ലാത്ത വൈദ്യുതി ലഭ്യത.
- സോളാർ ജനറേറ്റർ.

- യു.പി.എസ്-കണക്ടിവിറ്റി കേബിൾ.
- വയർലെസ് കീബോർഡ്.
- ഇരിപ്പിടം- Flexibility ഉണ്ടാകണം മടക്കി വക്കാവുന്ന ഫർണിച്ചർ.
- കോളർ മൈക്ക്.
- ഫ്ലിപ് ബോർഡ്.
- ഭിന്ന ശേഷിയുള്ളവർക്ക് പ്രത്യേക സംവിധാനം.
- അപ്ഡേഷൻ സൗകര്യം.
- ടേബിൾ ബോർഡ്.
- ശബ്ദവിന്യാസം.
- സീലിംഗ് വേണം.
- എ.സി.
- Full time ഫെസിലിറ്റേറ്റർമാർ, കുട്ടി ചുമതലക്കാർ.
- ഐ.ടി.ലാബ് മാർഗ രേഖ.



- റിസോഴ്സ് ഷെയറിംഗ് ഫെസിലിറ്റീസ്.

**സാമ്പത്തികാവലോകനം**

5 വർഷത്തേക്ക് -1 കോടി 50 ലക്ഷം

**നിർവ്വഹണ ചുമതല**

SSA,KITE,DIET,PTA,SCRET, ഗ്രാമപഞ്ചായത്ത് Sponsorship.

**മോണിറ്ററിംഗ്** *-HM,SITC,PTA,MPTA,Senior Assistant,SRG convenor.*



# ആരോഗ്യ കായിക വിദ്യാഭ്യാസം


**മേഖല -** **അത് ലറ്റിക്സ്**

**ലക്ഷ്യം-** സ്കൂളിലെ പത്തുശതമാനം കുട്ടികൾക്കെങ്കിലും സംസ്ഥാന കായികമേളയിലെ(അത്ലറ്റിക്സ്) വിവിധമത്സര ഇനങ്ങളിലേക്ക് യോഗ്യത നേടാനുതകുന്ന വിധത്തിലുള്ള പരിശീലനം നൽകുക.

**ഉപമേഖല**-100,200 മീറ്റർ ഓട്ടം,ഷോർട്ട്പുട്ട്,ഡിസ്കസ്ത്രോ മുതലായ ത്രോ ഇനങ്ങളിൽ,ലോംഗ്ജംപ് പരിശീലനം.

**ആമുഖം** കായിക പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും മാനസികോല്ലാസവും ശാരീരകാരോഗ്യവും വ്യക്തിയിലും പൊതുസമൂഹത്തിലും ഉറപ്പാക്കുകയെന്നതാണ് ആര്യോഗ്യകായിക പഠനത്തിന്റെ പ്രധാനലക്ഷ്യം.ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ.ഈ തത്വം മുൻനിർത്തി കായികവിദ്യാഭ്യാസത്തിന് പ്രധാന്യം നൽക്കേണ്ടത്തുണ്ട്.

കുട്ടികളുടെ കായിക ക്ഷമത ഉയർത്തുക,കായികമത്സരങ്ങളിലേർപ്പെടുന്നതിലൂടെ സഹവർത്തിത്വ മനോഭാവം ഉണ്ടാക്കുക,അന്തരാഷ്ട്ട മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള താത്പര്യം ജനിപ്പിക്കുക,കായികസംസ്കാരം വളർത്തുക എന്നിവയും ആര്യോഗ്യ കായിക പഠനവുമായി ചേർന്നു നിൽക്കുന്നവയാണ്.



### പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് താത്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നല്കുക.
- ഒരേ ഇനം ലഭിച്ച കുട്ടികളെ നിശ്ചിത മേഖലയുടെ പ്രാഥമിക ശേഷി നിലവാരം അളക്കൽ.
- നിശ്ചിത ഇനത്തിൽ വിദഗ്ദ പരിശീലനം നൽകൽ.

### നിർവ്വഹണച്ചുമതല

കായികാധ്യാപകൻ,പൂർവ്വവിദ്യാർഥികൾ,PTA

### കാലയളവ്

വർഷം-2

### സാമ്പത്തികം

ഉപകരണം -25000

പോഷകാഹാരം *-5000/-Permonth*

### പ്രവർത്തനങ്ങൾ

- താല്പര്യമുള്ള ഗെയിംമുകൾ തെരെഞ്ഞെടുക്കാൻ അവസരം നൽകുക.
- ടീമുകളായും,വ്യക്തിഗതമായുമുള്ള പരിശീനത്തിനവസരം ഒരുക്കുക.
- വിദഗ്ദരായ പരിശീലകരെ ലഭ്യമാക്കുക.
- കൂടുതൽ മത്സരങ്ങളിൽ പങ്കെടുക്കാനവസരം ഒരുക്കുക

### നിർവ്വഹണച്ചുമതല

കായികാധ്യാപകൻ,പൂർവ്വവിദ്യാർഥികൾ,കായികവിദഗ്ദർ.

## കാലയളവ്

വർഷം-2

**സാമ്പത്തികം**

ഉപകരണങ്ങൾ-50000/-

പോഷകാഹാരം-10000/-Per month

കായിക വിദഗ്ദർ-100000/-



# യോഗ

**മേഖല-**യോഗ,കരാട്ടേ പരിശീലനം

**ഉപമേഖല-** യോഗ പരിശീലനത്തിലൂടെ മാനസികരോഗ്യം സാധ്യമാക്കുക.കരാട്ടേപരിശീലനത്തിലൂടെ മാനസികമായ അച്ചടക്കവും ആത്മധൈര്യവും നേടുക.

**ലക്ഷ്യം-**സ്കൂളിലെ മുഴുവൻ കുട്ടികൾക്കും യോഗ,കരാട്ടേ പരിശീലനം നൽകുന്നതിലൂടെ മാനസികമായ അച്ചടക്കവും ആത്മധൈര്യവുമുള്ള തലമുറയെ വാർത്തെടുക്കുക.

**ആമുഖം-**അനുദിനം മാറ്റം വന്നു കൊണ്ടിരിക്കുന്ന ജീവിത സാഹര്യങ്ങളിൽ കുട്ടികളുംവളരെയധികം മാനസികസമ്മദർദ്ദങ്ങൾ നേരിടേണ്ടിവരുന്നു.വീടുകളിലും,പരിസരത്തും,സ്കൂളിലും നിരന്തരംനേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ അവരെ മാനസിക പിരിമുറുകത്തിലാഴ്ത്തുകയും പഠനത്തെ പിന്നോട്ട് വലിക്കുകയും ചെയ്യുന്നു.ഈ അവസ്ഥകളെ തരണം ചെയ്ത്, ചുറ്റുപാടുകളെ ശരിയായ വിധത്തിൽ നോക്കിക്കണ്ട്,തങ്ങളുടെ വളർച്ചയ്ക്കുതകുന്നവ സ്വീകരിക്കാനും മറ്റുള്ളവ തള്ളിക്കളയാനും കുട്ടികളെ പ്രാപ്തരാക്കുകയാണ്. യോഗ പരിശീലനത്തിൻെറ ലക്ഷ്യം.കാരട്ടേ പരിശീലനം കുട്ടികളെ അച്ചടക്കമുള്ളവരും ആത്മധൈര്യമുള്ളവരാക്കി മാറ്റും.

## പ്രവർത്തനങ്ങൾ

- കുട്ടികളെ ഗ്രൂപ്പുകളാക്കി,ഓരോഗ്രൂപ്പിനും അനുയോജ്യമായവ കണ്ടെത്തുന്നു.
- വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.പരിശീലത്തിനനുയോജ്യമായ ഭൗതിക_സൗകര്യമൊരുക്കുന്നു

## നിർവ്വഹണച്ചുമതല

വിദഗ്ദരായ പരിശീലകർ,HM,SRG

**സാമ്പത്തികം**-*100000/-*




www.shutterstock.com · 104967464

# പ്രീ പ്രൈമറി വിദ്യാഭ്യാസം




പൊതുവിദ്യാഭ്യാസത്തിൻെറ അടിത്തറ പ്രീ-പ്രൈമറി ആയതിനാൽ ബുദ്ധി,വൈജ്ഞാനികം,ഭാഷ, സർഗാത്മകത,പേശീ തുടങ്ങിയ വികാസ മേഖലകൾ പരിപോഷിപ്പിച്ച് കൊണ്ടുള്ളവിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് പ്രീ-പ്രൈമറിൽ നൽകി കൊണ്ടിരിക്കുന്നത്.

**ലക്ഷ്യം**

- പൊതുവിദ്യാഭ്യാസത്തിൻെറ അടിത്തറ കെട്ടുറപ്പുള്ളതാക്കുന്നു.
- പ്രൈമറി ക്ലാസ്സിലേക്ക് പോകുന്ന കുട്ടികളെ പാഠ്യപാഠ്യേതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു.
- കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തനങ്ങൾ**

◆ കുട്ടികൾക്ക് വീടിൻെറ അന്തരീക്ഷം നഷ്ടപ്പെടാതെ കാത്തു


സൂക്ഷിക്കുന്നു.

- ◆ വൃത്തിയുള്ള അന്തരീക്ഷത്തിൽ ആരോഗ്യകരമായ ഭക്ഷണം പങ്കിട്ടുകഴിക്കാൻ അവസരം ഒരുക്കുന്നു.
- ◆ വൈകല്യമുള്ള കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം തുല്യമായി പരിഗണിക്കുന്നു.ആവശ്യമായ സൗകര്യങ്ങൾ നൽകിമുന്നോട്ടു കൊണ്ടുവരുന്നു.
- ◆ സ്വതന്ത്രമായി ചിന്തിക്കുവാനും ചിന്തിച്ച് പ്രവർത്തിക്കാനുമുള്ള കഴിവുണ്ടാക്കുന്നു.
- ◆ 3+,4+കുട്ടികൾക്ക് വേണ്ട ശാരീരിക, മാനസികോല്ലസത്തെ പരിപ്പോഷിപ്പിക്കുന്ന രീതിയിലുള്ള കലകളും കളികളും നൽകുന്നു.

<u>നിർദ്ദേശങ്ങൾ</u>

- ◆ 30 കുട്ടികൾക്ക്  ഒരു ടീച്ചറും ഒരു ആയയും എന്ന രീതിയിൽ സൗകര്യമൊരുക്കുക.
- ◆ വിശാലമായ ക്ലാസ്സറൂം(ടൈൽസ്,മാറ്റ്,പായ)
- ◆ കളിയുപകരണങ്ങൾ.
- ◆ ബിൽഡിംഗ് ബോക്സ്.
- ◆ പസിൽസ്.
- ◆ സ്റ്റാമ്പ് പാഡ്,പിക്ചർ ചാർട്ട്.
- ◆ കളറുകൾ,ചാർട്ട്പേപ്പർ,A4 ഷീറ്റുകൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുക.
- ◆ ചിൽഡ്രൻസ് പാർക്കിനുവേണ്ട സൗകര്യം ലഭ്യമാക്കുക.

- ഡൈനിംഗ്ഹാൾ,പ്ലേറ്റുകൾ,ഗ്ലാസ്സുകൾ തുടങ്ങിയ സൗകര്യം ലഭ്യമാക്കുക.
- കുട്ടികൾക്ക് ആവശ്യമായ സൗജന്യ യൂണിഫോം പ്രഭാതഭക്ഷണം ബാഗ്,കുട,സ്ലേറ്റ് എന്നിവ അനുവദിക്കുക.
- പ്രീ-പ്രൈമറിയിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- ഓരോകുട്ടിയെയും വ്യക്തിപരമായി മനസ്സിലാക്കി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക.
- കമ്പ്യൂട്ടർ,പ്രൊജക്ടർ തുടങ്ങിയ ഐ.സി.ടി ഉപകരണങ്ങൾ അനുവദിക്കുക.
- സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കുക.



# കലാപഠനം ചിത്രരചന

ലോകത്തിൻെറ ഏതു ഭാഗത്തുള്ളവർക്കും ആശയ വിനിമയം നടത്താൻ കഴിയുന്ന സർവ്വലൗകിക ഭാഷയാണ് കല.കലയിലൂടെ വ്യക്തി അവനവനെ തന്നെതിരിച്ചറിയുകയും ലോകത്തിൽ തനിക്കുള്ള  സ്ഥാനം മസ്സിലാക്കുകയും ജീവിതത്തിൻെറ അർത്ഥം കണ്ടെത്തുകയും ചെയ്യുന്നുവെന്ന് പറയാം.അത് കൊണ്ട് കലാപഠനം എന്നത്  ആത്മസാക്ഷാത്കാരത്തിനുള്ള ഒരു ഉപാധിയാണെന്ന് വിലയിരുത്തം.

തനിക്ക് ചുറ്റുമുള്ള സൗന്ദര്യത്തിൻെറ ലോകത്തിലേക്ക് കുട്ടിയെ നയിക്കുന്ന അതിപ്രധാനമായ പങ്കാണ് കലാപഠനത്തിന് നിർവ്വഹിക്കാനുള്ളത്.ഒറ്റയ്ക്കും കൂട്ട്ചേർന്നും ഉള്ള സൗന്ദര്യത്തിൻെറ ലോകത്തിലേക്ക് കുട്ടിയെ നയിക്കുന്ന അതിപ്രധാനമായ പങ്കാണ് കലാപഠനത്തിന് നിർവ്വഹിക്കാനുള്ളത് ഒറ്റയ്ക്കും കൂട്ടുചേർന്നുമുള്ള പ്രവർത്തനങ്ങളിലൂടെ വിവിധ സാമൂഹിക ജീവിതനൈപുണ്യങ്ങളിലേക്ക് കൈപിടിച്ച് ഉയർത്താൻ കലാപഠനം സഹായകമാണ്. സാംസ്കാരികബോധം,മൂല്യബോധം, ആത്മവിശ്വാസം എന്നിവ നൽകുന്നതിനും കലാപഠനം പ്രയോജനപ്പെടുന്നു.

## പൊതുലക്ഷ്യങ്ങൾ

വരകളുടെയും വർണ്ണങ്ങളുടെയും സമഞ്ജസമായ കൂടിച്ചേരലാണ് ചിത്രകലയിലുള്ളത്.ദ്വിമാന പ്രതലത്തിൽ വെളിച്ചത്തേയും നിഴലിനേയും ഉചിതമായി സന്നിവേശിപ്പിച്ച് സൃഷ്ടിക്കുന്ന രൂപങ്ങൾ,സൃഷ്ടിക്കുന്ന ഭാവതലം ആസ്വാദകരിലേക്ക് പകർന്നു നൽകുകയാണ് ഇവിടെ.രേഖകളും ചായങ്ങളുമാണ് ചിത്രകാരന്റെ ഉപാധികൾ.ചുറ്റുപാടുമുള്ള നിരീക്ഷത്തിലൂടെ മനസ്സിൽ പതിയുന്ന കാഴ്ചകൾ ഉണ്ടാകുന്ന പ്രതികരണങ്ങൾ തന്റേതായ കാഴ്ചപ്പാടിലൂടെ രചിക്കുകയാണ് കലാകാരൻ ചെയ്യുന്നത്.അത്തരം പ്രവർത്തനങ്ങളെ കുട്ടികളിൽ എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം

- ചിത്രരചനയുടെ വിവിധ ഘട്ടങ്ങൾ മനസിലാക്കുന്നതിനും ചിത്രരചനയിൽ ഏർപ്പെടുന്നതിനും സഹായിക്കുന്നു.
- വിവിധ രീതിയിലുള്ള ചിത്ര രചനാരീതി പരിചയപ്പെടുത്തുന്നതിനും ധാരണകൾ നേടുന്നതിനും സഹായകരമാകുന്നു.
- ചിത്രരചനയിലൂടെ വിജ്ഞാനത്തെ ഉല്ലാസ വേളകളാകുന്നതിനും ചിത്രരചനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അറിവിന്റെ ആർജിക്കൽ ഉല്ലാസകരമാക്കി മാറ്റുന്നു.
- ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും അറിയുന്നതിനും ആസ്വാദനം വളർത്തുന്നതിനും സഹായിക്കുന്നു.

- മറ്റു വിഷയങ്ങളുടെ പഠനത്തിൽ ചിത്രരചനയുടെ സാധ്യതകൾ പ്രയോഗിക്കുന്നതിൽ ധാരണ നേടുന്നു.
- വസ്തുകളുടെ വലിപ്പവും വ്യാപ്തവും തിരിച്ചറിയാൻ പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവിതത്തിൽ ഫലപ്രദമായി  ഉപയോഗിക്കുന്നതിനും കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

_മുഖ്യലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും അവർപഠിക്കുന്ന ക്ലാസിന് അനുസരിച്ച് നിലവാര മനുസരിച്ച് അടിസ്ഥാ നാശയങ്ങൾ ഉറപ്പ് വരുത്തുന്നു.
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഓരോ ഘട്ടത്തിലും ആർജിക്കേണ്ട  കലശേഷികൾ ഉറപ്പുവരുത്തുന്നു.
- പഠിതാവിൻെറ നൈസർഗ്ഗികമായ കലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നു.
- കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹ്യ ജീവിതത്തിൽ മാനവികമായ കാഴ്ചപാടുകൾ രൂപികരിക്കുന്നു.
- കലയുടെ ഊർജം ഉൾക്കൊണ്ട് നവീനങ്ങളായ ചിന്തകളിൽ പങ്കാളിയാക്കി മാറ്റുന്നു.
- ബഹുമുഖ ബുദ്ധി വികാസത്തിൻെറ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ഭിന്ന നിലവാരക്കാരയ വിദ്യാർത്ഥികളെ ഒരു പോലെ പഠ ന

പ്രവർത്തനങ്ങളിൽ തത്പരരാക്കുന്നു.

- അരൂപമമായ അനുഭവങ്ങളെ മൂർത്തമായ ബിംബങ്ങളായി പരിവർത്തിക്കുന്നതിലൂടെ മാനസികോല്ലാസം കൈവരിക്കുന്നതിനു സഹായിക്കുന്നു.



- വിവിധകളുടെ സാങ്കേതികാംശങ്ങൾ തിരിച്ചറിയുന്നതിനും ഉപയോഗപ്പെടുത്തുന്നു.

**വിവിധ വിഭാഗങ്ങൾ**

1. പെൻസിൽ ഡ്രോയിംഗ്-പെൻസിൽ മാത്രം ഉപയോഗിച്ച് പേപ്പറിൽ വരക്കുന്ന പ്രക്രിയ.
2. ചായപെൻസിലുകൾ
3. സെക്ച് പെൻസിൽ .
4. ജലഛായം
5. എണ്ണഛായചിത്രം

**രചനരീതികൾ**

- രേഖാചിത്രങ്ങൾ .
- പെയ്ൻറിംഗുകൾ.
- കാർട്ടൂണുകൾ.
- കാരിക്കേച്ചറുകൾ
- ചുമർ ചിത്രങ്ങൾ
- വിവിധ പ്രതലങ്ങളിൽ വിവിധ ഉപകരണങ്ങൾക്കൊണ്ടും ഉപയോഗിച്ചാണ് ചിത്രങ്ങൾ വരയ്ക്കുന്നത്.

## ഉപലക്ഷ്യങ്ങൾ

- ചിത്രങ്ങളെ വ്യാഖ്യാനിക്കാനും അവയുടെ അനുപാദവും നിരിക്ഷിക്കാനും ആസ്വാദനം വളർത്താനും സാദിക്കുന്നു.
- കുട്ടികളെ ചിത്രങ്ങളോട് താത്പര്യ മുള്ളവരാക്കുന്നു.
- ചുറ്റുപ്പാടുമുള്ള വിവിധ കലാരുപങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നു.
- പലതരത്തിലുള്ള വിഷയങ്ങൾ മനസിലാക്കാൻ ഇത് സഹായിക്കുന്നു.
- അവനമ്മുടെ ജീവിതവുമായി പ്രയോജനപ്പെടുത്തി മാതൃകയായാക്കാൻ ഗുണകരമാകുന്നു.
- കഥകളെ ആസ്പദമാക്കി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു.
- എല്ലാകുട്ടികളിലും ഉറങ്ങിക്കിടക്കുന്ന സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുവനും സഹായിയായി മാറുന്നു.
- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് സമഗ്രാസൂത്രണം,സൂക്ഷമാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തികരിക്കാൻ പറ്റുന്നു.

## പ്രവർത്തനങ്ങൾ

- പെൻസിൽ ഡ്രോയിംഗ്
- വാട്ടർ കളർ
- ഓയിൽ പെൻെറിംഗ്
- ഫാബ്രിക്ക് പെയ്ൻറിംഗ്
- കാലിഗ്രാഫി

## പെൻസിൽ ഡ്രോയിംഗ്

എല്ലാകുട്ടികൾക്കും പെൻസിൽഡ്രോയിംഗ് പരിശീലനം നൽകുക.അതിൽ കഴിവുള്ള കുട്ടികളെ പരിപ്പോഷിപ്പിച്ച് അവർക്ക് പ്രത്യേക ക്ലാസ് കൊടുക്കുക.

- ചിത്രരചനയുടെ വ്യത്യസ്തതലങ്ങൾ ഓരോ ഘട്ടങ്ങളായി പരിചയപ്പെടുത്തുക എന്നതാണ് ചിത്രകലാപഠനത്തിൻെറ പ്രധാനമായ ഉദ്ദേശ്യം.
- മനുഷ്യൻഗുഹകളിൽ കഴിഞ്ഞിരുന്ന കാലം മുതൽ തന്നെ വളർന്നു വികസിച്ച ചരിത്രം കലയ്ക്കുണ്ട്.ചരിത്രവും ജീവിത സംസ്കാരവുമായി ഈ കലയ്ക്കുള്ള അഭേദ്യമായബന്ധവുംഉൾക്കൊള്ളുകയും ചിത്രകലാപഠനത്തിൻെറ ഭാഗമാണ്.

## <u>ടാലൻറ് ലാബ്</u>

- സ്കൂളിൽ തന്നെ കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി ഓരോ കുട്ടിയേയും ടാലൻറ് ലാബായികണ്ടെത്തി അവർക്ക് ചെയ്യാൻ ഓരോന്നിനും ലാബ് സൗകര്യങ്ങൾ ഒരുക്കുക അതിൽ ഫർണിച്ചറുകളും ചുമരുകളും കൂടുതൽ സൗകര്യപ്പെടുത്തുക.
- സ്കൂൾകെട്ടിടം ചുമരുകൾ ചുറ്റുമതിലുകൾ ഇവ ചിത്രവത്ക്കരിക്കുക.
- കുട്ടികളെ ചിത്രങ്ങളിലേയ്ക്ക് കൂടുതൽ ആകൃഷ്ടരാക്കുന്ന വളർത്തുമൃഗങ്ങൾ,കാട്ടുമൃഗങ്ങൾ എന്നിവ വേർതിരിച്ച് സ്കൂൾ ചുമരിൽ വരയ്ക്കുക.അതിൻെറ കൂടെ കണക്ക വിഷയത്തിൽ താത്പര്യം വരുവാൻ ജ്യോമിടിക്കൽ കളർചിത്രങ്ങൾ, ഫ്രൂട്ട്സ്,പ്രകൃതിയിലെ മറ്റു വസ്തുകൾ കാർട്ടൂൺ ചിത്രങ്ങൾ മുതലായവ കുട്ടികളിൽ ആശ്ചര്യം വരുത്തുന്നവയാണ് ഇവയെല്ലാം

വരച്ച് സ്കൂൾ മനോഹരമാക്കാം.

- സ്കൂൾപരിസരത്ത് കുട്ടികൾക്ക് പ്രകൃതിഭംഗി ആസ്വദിച്ച് വരയ്ക്കുന്നതിന് ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ച് അതിൽ ഇരിക്കുവാനുള്ള സൗകര്യം  തണൽ മരങ്ങൾ വെച്ച് പിടിപ്പിക്കാനുള്ളതെല്ലാം ചെയ്യുക.
- പ്രകൃതിഭംഗി ആസ്വദിച്ച് വരയ്ക്കുന്നതിന് സ്കൂളിനു പുറത്തുള്ള പുഴകളും,വയലുകളും,ദൂരകാഴ്ചകളും പകർത്തുന്നതിന് വാഹന സൗകര്യം ഒരുക്കുകയും വേണം.

## ധനകാര്യം

## പഠന സാമിഗ്രികൾ

- ചാർട്ട്
- പെൻസിൽ
- റബ്ബർ
- ക്രയോൺസ്
- വാട്ടർകളർ
- സെകച്പെൻ
- മാർക്കർ
- പോസ്റ്റർകളർ
- ബ്രഷ്
- കാർഡ്ബോർഡ്
- ഡ്രോയിംഗ് ബുക്കുകൾ
- ആനുകാലിക പ്രസിദ്ധീകരണങ്ങൾ
- ചിത്ര കലാപുസ്തകങ്ങൾ
- അതിനുപയോഗിക്കുന്ന പാലറ്റുകൾ,പാത്രങ്ങൾ

- ചിത്രകലാപുസ്തകങ്ങൾ
- അതിനുപയോഗിക്കുന്ന പാലറ്റുകൾ, പാത്രങ്ങൾ

ഒരുവർഷം-പതിനയ്യായിരം രൂപ(15000/)

## ലാബ്

- ഗ്യാലറി-അഞ്ച് ലക്ഷം
- ഫർണ്ണിച്ചർ-രണ്ട് ലക്ഷം
- പുസ്തകങ്ങൾ-25000 രൂപ
- ലാപ്ടോപ്പ്-ഒന്നര ലക്ഷം
- ഇൻെറർനെറ്റ്-50000 രൂപ
- വാഹനം-അഞ്ച് ലക്ഷം
- കാലയളവ്-അഞ്ച് വർഷം

## മേഖല: സ്വയംതൊഴിൽപരിശീലനം

**ഉപമേഖല-**സോപ്പ് നിർമ്മാണം.

ആമുഖം-

പഠനം പൂർത്തിയാക്കി പോകുന്ന ഓരോ കുട്ടിക്കും ഒരു തൊഴിലെങ്കിലും ജീവിതോപാധി ആക്കാൻ ഉതകുന്ന തരത്തിൽ പരിശീലനം നൽകുന്നു.

**ലക്ഷ്യം-** കുട്ടികളെ സ്വയം പര്യാപ്തരാക്കുക.ആരോഗ്യസംരക്ഷണവുംധനലാഭവും

**പ്രവർത്തനങ്ങൾ**

S.R.G- യിൽചർച്ച ചെയ്യുന്നു ആസൂത്രണം നടത്തുന്നു. തൽപര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നു.ഒഴിവു ദിനങ്ങളിൽ പരിശീലനം നൽകുന്നു കുട്ടികൾ നിർമ്മിക്കുന്ന സോപ്പ്സ്കൂളിലും പരിസര പ്രദേശങ്ങളിലും വിൽപ്പന നടത്തി ലഭിക്കുന്ന സമ്പാദ്യം നിർധനരായ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നു.

**നിർവ്വഹണചുമതല**

രക്ഷിതാക്കൾ,ടീച്ചേഴ്സ്

**ഉപമേഖല**

തയ്യൽ പരിശീലനം.

**ആമുഖം.**

പഠനം പൂർത്തിയാക്കി പോകുന്ന ഓരോ കുട്ടിക്കും സ്വന്തമായി ഒരു തൊഴിൽ ചെയ്യാനുള്ള പരിശീലനം നൽകുന്നു.

**ലക്ഷ്യം-**

- കുട്ടികളെ സ്വന്തമായി തൈക്കാൻ  സ്വയം പര്യാപ്തരാക്കുക.

**പ്രവർത്തനങ്ങൾ-**

- S.R.G- ചർച്ച ചെയ്യുന്നു .
- വിദ്യാർഥികളെ കണ്ടെത്തി അവർക്കാവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നു.
- ഒഴിവു ദിനങ്ങളിൽ പരിശീലനം നൽകുന്നു.
- കുട്ടികളിൽ തൈയ്യലിൽ താൽപര്യമുള്ളവരെ കണ്ടെത്തിഅവർക്ക് പരിശീലനം നൽകുന്നു.
- തയ്യമിഷൻ, അതിനു സൗകര്യമുള്ള, റൂ എന്നിവ കണ്ടെത്തുന്നു.

നിർവ്വഹണച്ചുമതല

- വർക്ക് എക്സ്പീരിയൻസ് ,രക്ഷിതാകൾ
- **ധനകാര്യം**

  പഞ്ചായത്ത്,PTA

- **കാലയളവ്-** ഒരുവർഷം

**മോണിറ്ററിംഗ്-** HM,SRG,PTA

# ആരോഗ്യവും ശുചിത്വവും



◆ **ഉപമേഖല-ഉച്ചഭക്ഷണം**

ഉദ്ദേശ്യലക്ഷ്യങ്ങൾ

കുട്ടികൾക്ക് ശുചിത്വമുള്ളതും പോഷക സമ്പന്നവുമായ ഭക്ഷണം നൽകി, ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള പൗരന്മാരായി വളർത്തിയെടുക്കുക.

പ്രവർത്തനങ്ങൾ

- അടുക്കള നവീകരണം.
- ഡൈനിംഗ്ഹാൾ ഒരുക്കൽ.
- ശുചിയായി ആഹാരം പാചകം ചെയ്യാനാവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും ഒരുക്കൽ.
- പാചകത്തിനുപയോഗിക്കുന്ന പാത്രങ്ങളും ഗ്ലാസുകളും പ്ലേറ്റുകളും തിളച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം ഒരുക്കൽ.
- കുട്ടികളുടെ എണ്ണത്തിനാനുപാതികമായി വിശാലവും സൗകര്യ പ്രദവുമായ വാഷ് ഏരിയ.
- പാചകത്തൊഴിലാളികൾക്കാവശ്യമായ ഗ്ലൗസ്, ക്യാപ്, ഏപ്രൺ,പാദരക്ഷകൾ ഇവ ലഭ്യമാക്കുക.
- കുടിക്കാൻ ആവശ്യമായ ശുദ്ധജലം ലഭ്യമാക്കൽ .
- പോഷക പ്രദമായ ഭക്ഷണമെനു തയ്യാറാക്കൽ മെനുവനുസരിച്ചുള്ള ഭക്ഷണം ഒരുക്കൽ.

- പാചക തൊഴിലാളികൾക് പരിശീലന ക്ലാസ്സുകൾ നൽകൽ.

സാമ്പത്തികവലോകനം

50000000

നിർവ്വഹണ ചുമത-

HM, NOONMEAL ചുമതലവഹിക്കുന്ന അധ്യാപകൻ, PTA, MPTA, SSG,SSA

മോണിറ്ററിംഗ്

പ്രധാന അധ്യപകൻ സഹഅധ്യാപകർ,PTA,MPTA

SSG വിദ്യാഭ്യാസ ഓഫീസർ ,Noonfeeding officer



# ലഹരിവിമുക്ത ക്യാമ്പസ്

മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം നാൾക്ക്നാൾ വർദ്ധിച്ച് വരുന്ന ഒരു സമൂഹത്തിലാണ് നാം ഇപ്പോൾ.ഇത്തരം വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദുരന്ത ഫലങ്ങൾ കുട്ടികളെ ബോധവൽകരിക്കുന്നതിലൂടെ ഒരു ലഹരി വിമുക്ത സമൂഹം വാർത്തെടുക്കുക.

ലക്ഷ്യം

1. ലഹരി പദാർത്ഥങ്ങൾ വരുത്തിവയ്ക്കുന്ന മാരക പ്രശ്നങ്ങൾക്ക് ബോധവൽകരണത്തിലൂടെ പരിഹാരം കാണുക .
2. ലഹരി ഉപയോഗത്തിലൂടെ കുടുംബങ്ങളിൽ ഉണ്ടാകുന്ന സാമ്പത്തിക മാന്ദ്യം ഇല്ലാതകുന്നതിന് ബോധവൽ കരണത്തിലൂടെ പരിഹാരം ഉണ്ടാക്കുക.
3. സ്കൂൾപരിസരത്ത് ലഹരി വസ്തുകൾ വിൽക്കുന്ന തിനെതിരെ കടയുടമസ്ഥരെ ബോധവൽകരിക്കുക.

പ്രവർത്തനങ്ങൾ

1. ബോധവൽകരണ സെമിനാർ-കുട്ടിക്കൾക്കും രക്ഷിതാകൾക്കും.
2. ലഹരിവിരുദ്ധ ചിത്ര പ്രദർശനം.
3. ലഹരിവിരുദ്ധ ദിനാചരണം ജ്ജൂൺ-26
4. ലഹരിവിരുദ്ധ ചിത്രരചന മത്സരം
5. ഷോർട്ട് ഫിലിം പ്രദർശനം.

6. ലഹരി വിരുദ്ധപോസ്റ്റർ രചന.

സാമ്പത്തികവലോകനം

10000/-

നിർവ്വഹണ ചുമതല

HM, ചുമതലവഹിക്കുന്ന അധ്യാപകൻ PTA,MPTA,SSG,SSA.

മോണിറ്ററിംഗ്

പ്രധാന അധ്യപകൻ സഹഅധ്യാപകർ,PTA,MPTA SSG വിദ്യാഭ്യാഓഫീസർ etc..

കാലയളവ്- 1-വർഷം

ഉപമേഖല-3 - സുന്ദരശുചിത്വ വിദ്യാലയം

ലക്ഷ്യം-

1. ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തിയെടുക്കുക.
2. വ്യക്തിശുചിത്വവും,പരിസരശുചിത്വവും വളർത്തിയെടുക്കുക.
3. രോഗങ്ങളെയും പകർച്ച വ്യാധികളെയും കുറിച്ചും അവ പ്രതിരോധിക്കാനുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുക.
4. ജിവിതശൈലി രോഗങ്ങളെ കുറിച്ച് ബോധവാൻ മാരാക്കുക
5. രോഗപ്രതിരോധ മാർഗങ്ങളെ കുറിച്ചും,കൃത്രിമ രോഗ പ്രതിരോധ മാർഗങ്ങളെകുറിച്ചും കുട്ടികളിൽ അവ ബോധം സൃഷ്ടിക്കുക.
6. പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.

പ്രവർത്തനങ്ങൾ

- സെമിനാർ
- ഡ്രൈഡേ ആചരണം

- ആരോഗ്യവകുപ്പ് പ്രസ്ദ്ധീകരിക്കുന്ന ലഘുലേഖകൾ,ബോധവൽകരണ ക്ലാസ് മാലിന്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ,മലിനീകരണ ദൃശ്യങ്ങൾ അടങ്ങിയ സി.ഡി പ്രദർശനം.
- പരിസര ശുചീകരണ പ്രവർത്തനങ്ങൾ.
- ജൈവ,അജൈവ മാലിന്യങ്ങൾ തരംതിരിക്കുക-മാലിന്യ സംസ്കരണം.പ്ലാസ്റ്റിക്പാഴ് വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങളുടെയും കരകൗശല വസ്തുകളുടെയും നിർമ്മാണം.
- ജൻമദിനത്തിൽ മിഠായിക്ക്പകരം ലൈബ്രറിയിലേയ്ക്ക് ഒരു പുസ്തകം.
- വിവിധ രോഗങ്ങളെകുറിച്ചും, രോഗപ്രതിരോധ മാർഗങ്ങളെകുറിച്ചും-സി.ഡി പ്രദർശനം, ബോധവൽകരണ ക്ലാസ്.

സാമ്പത്തികവലോകനം- 10000/-

നിർവ്വഹണ ചുമതല

HM, ചുമതലവഹിക്കുന്ന അധ്യാപകൻ, PTA, MPTA, SSG, SSA.

മോണിറ്ററിംഗ്-പ്രധാനഅധ്യപകൻ സഹഅധ്യാപകർ, PTA, MPTA, SSG വിദ്യാഭ്യാസ ഓഫീസർ etc..

# കുട്ടികളുടെ യാത്രാസൗകര്യം

- **ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

കുട്ടികൾക്ക് സുരക്ഷിത യാത്രസൗകര്യം ഒരുക്കുക.

## ആമുഖം

കണിയാമ്പറ്റ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ നിന്ന് വരുന്ന കുട്ടികൾക്ക് ഏറേ ദൂരം കാൽനടയായി സഞ്ചരിക്കേണ്ടി വരുന്നു.സമീപ പഞ്ചായത്തുകളിൽ നിന്നു വരുന്ന കുട്ടികൾക്കും യാത്രസൗകര്യമില്ല.ഇതിനുപരിയായി കുട്ടികൾക്ക് സുരക്ഷ പ്രശ്ന ങ്ങളുമുണ്ട്.ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി സ്കൂൾ ബസ്സുകൾ ഏർ പ്പെടുത്തുകയും കുട്ടികൾക്ക് സുരക്ഷിതയാത്ര സൗകര്യം ഒരുക്കുക യും ചെയ്യുക .

## പ്രവർത്തനങ്ങൾ

സ്റ്റാഫ് കൗൺസിലിൽ തിരുമാനം -സാമ്പത്തികസാഹായം തേടൽ-ചുമതല ഏൽപ്പിക്കുന്നു.

- PTA എക്സിക്യൂട്ടിവ്, PTA ജനറൽബോഡി അവതരണം.
- ത്രിതല പഞ്ചായത്തുകൾ,MLA,MP എന്നിവർക്ക് നിവേദനം സമ്മർപ്പിക്കുന്നു - ഫണ്ട് സാമാഹരണത്തിനു വേണ്ട നടപ്പ ടേികൾ സ്വീകരിക്കുന്നു.
- പൂർവ്വവിദ്യാർത്ഥികളെ സമീച്ച് സ്പോൺസർഷിപ്പുകൾ ഏർ പ്പെടുത്തുന്നു.

നിർവ്വഹണ ചുമതല- *HM,PTA.*



# ഉപസംഹാരം

കാര്യക്ഷമമായ SRG യോഗങ്ങളിലൂടെയും അധ്യാപകരുടെ നിസ്വാർഥമായ ഇടപ്പെടലുകളിലൂടെയും ഈ വിദ്യാലയത്തെ അക്കാദമിക് പുരോഗതിയിലേക്ക് നയിച്ച് കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.ഇതിൽ ലക്ഷ്യ പ്രാപ്തികൈവരിക്കാൻ ആകുമെന്ന് ശുഭ പ്രതീക്ഷയുണ്ട്.അധ്യാപനമെന്ന മഹനീയ കർമത്തിലൂടെ മികച്ചഭാവി വാഗ്ദാനങ്ങളെ  സൃഷ്ടിക്കാൻ ഈ വിദ്യാലയത്തിന് കഴിയട്ടെ.

